# ദി ഡിഫെൻഡർ

Vol. No. 14 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2011 January 1 Price: Rs.100/- P.A.

## ഡിഫെൻഡറിനു ജനപ്രീതി ഏറുന്നു

ഡിഫെൻഡർ വായിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുന്നതായി കണക്കുകൾ തെളിയിക്കുന്നു. വരിസംഖ്യ പുതുക്കാത്തവർക്ക് ജനുവരി മുതൽ ഡിഫെൻഡർ ലഭിക്കുകയില്ല എന്ന അറിയിപ്പു കണ്ട് 95 ശതമാനത്തിലധികം വരിക്കാരും വരിസംഖ്യ നൽകി. കൂടാതെ, നിരവധി പുതിയ വരിക്കാരെയും ലഭിച്ചു. ഇത് പ്രിന്റ് എഡിഷന്റെ കാര്യം. ഇന്റർനെറ്റ് എഡിഷനിൽ അഭൂതപൂർവ്വമായ തിരക്കാണ് അനുഭവപ്പെടുന്നത്. എല്ലാ മാസവും അഞ്ചു ലക്ഷത്തോളം ഹിറ്റുകളാണു ലഭിച്ചിരുന്നത്. പക്ഷേ ഡിസംബറിൽ ഹിറ്റുകളുടെ എണ്ണം ആറു ലക്ഷം കവിഞ്ഞു.

സുഭാഷിതത്തിന് അഞ്ചു ലക്ഷം വായനക്കാരുണ്ടെന്ന് മോനായി പറഞ്ഞതുപോലെയുള്ള ഭോഷ്ക്കല്ല ഇത്. ഡിഫെൻഡറിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന ആർക്കും ഹിറ്റുകളുടെ എണ്ണം നേരിട്ടു കാണാവുന്നതാണ്. ഒരു മാസത്തിൽ ആറുലക്ഷം ഹിറ്റുകൾ എന്നു പറയുമ്പോൾ ഒരു ലക്കത്തിന് മൂന്നു ലക്ഷം ഹിറ്റുകൾ ലഭിച്ചു എന്നു കരുതാം. ചില വായനക്കാർ പലവട്ടം ഡിഫെൻഡറിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്നതായി അറിയാം. അങ്ങനെ ലഭിക്കുന്ന ഹിറ്റുകളുടെ എണ്ണം അഞ്ചു ലക്ഷമാണ് എന്നു കരുതിയാലും മാസത്തിൽ ഒരുലക്ഷം യഥാർത്ഥ ഹിറ്റുകൾ ലഭിക്കുന്നുണ്ട് എന്നു വ്യക്തം. ഡിഫെൻഡർ മാസത്തിൽ രണ്ടു വട്ടം പ്രസിദ്ധീകരിക്കുന്നതിനാൽ ഓരോ ലക്കത്തിനും അൻപതിനായം വായനക്കാർ ഉണ്ട് എന്നു തെളിയും. ഇതു ചെറിയ കാര്യമല്ല.

ഡിഫെൻഡറിന്റെ ജനപ്രീതി എത്രത്തോളമെന്ന് വിദേശയാത്ര നടത്തുന്നവർ അനുഭവിച്ചറിയാറുണ്ട്. ഡിഫെൻഡറിന്റെ വിമർശനത്തിനു വിധേയരായവർ വിദേശയാത്ര നടത്തിയാൽ വണ്ടിക്കൂലി പോലും കിട്ടുകയില്ല എന്നതാണ് ഇപ്പോഴുള്ള സ്ഥിതി. മാത്രമല്ല, സന്ദർശകർക്കു പ്രോഗ്രാമും പണവും വാരിക്കൊടുക്കുന്ന പതിവും അവസാനിച്ചിരിക്കുന്നു.

### പകൽക്കാലം

ഇപ്പം നമ്മളെല്ലാരും **കണ്ടത്തി**ലായി



# എട്ടു പ്രസംഗകർക്കു വിലക്ക്


അവറാൻ


മുല്ലക്കര


ബിജി അഞ്ചൽ


ജോൺ ലോറൻസ്


സജിത്


അന്ന കണ്ടത്തിൽ


പാറക്കടവിൽ


റെജി

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അഞ്ചു പ്രസംഗകരെയും ചർച്ച് ഓഫ് ഗോഡ് മൂന്നു പ്രസംഗകരെയും കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു. കെ.എ.ഏബ്രഹാം, ദേവസ്യ മുല്ലക്കര, ബിജി അഞ്ചൽ, ജോൺ ലോറൻസ്, സജിത്ത് കണ്ണൂർ എന്നിവരെ ഐ.പി.സിയുടെ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കണമെന്നാണ് സ്റ്റേറ്റ് കൗൺസിലിന്റെ തീരുമാനം. ഡിസംബർ 14ന് നടന്ന സ്റ്റേറ്റ് കൗൺസിൽ യോഗത്തിൽ എടുത്ത തീരുമാനം അനുസരിച്ച് സെക്രട്ടറിയായ പാസ്റ്റർ ഫിലിപ്പ് പി. തോമസ് എല്ലാ സെന്റർ/ഏരിയ പാസ്റ്റർമാർക്കും കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഡിഫെൻഡറിന്റെ സൈറ്റിലുണ്ട്. ലിങ്ക്: http://tsbalan.com/news/ipcletter.html

സിസ്റ്റർ അന്ന കണ്ടത്തിൽ, ജെ.സി.പാറക്കടവിൽ, റെജി നാരായണൻ എന്നിവരെ ചർച്ച് ഓഫ് ഗോഡിന്റെ കൺവൻഷനുകളിൽനിന്ന് ഒഴിവാക്കാനാണ് ഡിസംബർ 25ന് നടന്ന ശുശ്രൂഷക സമ്മേളനത്തിൽ തീരുമാനമായത്. ഐ.പി.സി പുറത്താക്കിയവരെക്കുറിച്ച് അന്വേഷിച്ചശേഷം അവരെ ചർച്ച് ഓഫ് ഗോഡിൽ നിന്നും ഒഴിവാക്കുന്ന കാര്യം തീരുമാനിക്കും. സഭാനേതൃത്വത്തിന്റെ അനുവാദത്തോടുകൂടി മാത്രമേ ചർച്ച് ഓഫ് ഗോഡിലെ അംഗങ്ങളല്ലാത്തവരെ പ്രസംഗത്തിനു വിളിക്കാവൂ എന്നും തീരുമാനമായിട്ടുണ്ട്.

കൺവൻഷനുകളിൽ നിന്നു കെ.എ.ഏബ്രഹാമിനെ ഒഴിവാക്കണം എന്നു നിർദ്ദേശിച്ചു പാസ്റ്റർ ഏബ്രഹാം ജോസഫ് കഴിഞ്ഞ വർഷം മലബാറിലുള്ള ശാരോൻ സഭകൾക്കു കത്തയച്ചിരുന്നു. ഇപ്പോൾ ഐ.പി.സിയും കെ.എ.ഏബ്രഹാമിനെ ഒഴിവാക്കുകയാണ്. പത്രങ്ങൾ, ടിവി ന്യൂസ് തുടങ്ങിയവയിലൂടെ ജനം ഇതെല്ലാം അറിഞ്ഞുകഴിഞ്ഞു. അതുകൊണ്ട് മറ്റു പെന്തക്കോസ്ത് സഭകളും കെ.എ.ഏബ്രഹാമിനെ ഒഴിവാക്കും. ഏതാനും വർഷം കഴിയുമ്പോൾ കെ.എ.ഏബ്രഹാം എന്നൊരു കൺവൻഷൻ പ്രസംഗകൻ ഉണ്ടായിരുന്നു എന്നുപോലും ജനം മറക്കും.

മുല്ലക്കര വ്യാജനാണെന്നു ഡിഫെൻഡർ പറയാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതായി. ഈ വൈകിയ വേളയിലെങ്കിലും ഐ.പി.സിക്കു വസ്തുതകൾ മനസ്സിലായതിൽ സന്തോഷമുണ്ട്. ഇപ്പോൾ പെന്തക്കോസ്ത് കൺവൻഷനുകളിൽ പ്രസംഗിക്കാൻ മുല്ലക്കരയെ ആരും വിളിക്കുന്നില്ല. സ്വന്തം പ്രസ്ഥാനത്തിന്റെ വകയായി കൺവൻഷനുകൾ നടത്തുകയാണു ചെയ്യുന്നത്.

ജോൺ ലോറൻസ് പറയുന്ന വിവരക്കേടുകൾ നിരവധി ദൈവമക്കളെ വഴി തെറ്റിച്ചിട്ടുണ്ട്. ഏറെപ്പേർ അറിയാത്ത മറ്റു ചില കലാപരിപാടികളും ഈ ചങ്ങാതിക്കുണ്ട്. അതുകൊണ്ട് ഐ.പി.സിയുടെ തീരുമാനം ഉചിതമായി.

പിതാവിനോടു നിരന്തരം പ്രാർത്ഥിച്ചതുകൊണ്ടാണ് കർത്താവായ യേശുക്രിസ്തു പാപം ചെയ്യാതെ ജീവിച്ചത് എന്നു പ്രസംഗിച്ച വിരുതനാണ് ബിജി അഞ്ചൽ. ഈ പ്രസംഗം ഡിഫെൻഡറിന്റെ യൂട്യൂബ് ശേഖരത്തിലുണ്ട്. ഇത്തരം പ്രസംഗങ്ങൾ നടത്തുന്നവരെ ഒഴിവാക്കണമെന്ന് ഇപ്പോഴെങ്കിലും ഐ.പി.സിക്കു തോന്നിയല്ലോ.

സുരേഷ് ബാബു മോഡൽ തട്ടിപ്പുകാരനാണ് സജിത് കണ്ണൂർ. ഡിഫെൻഡറിന്റെ യൂട്യൂബ് ശേഖരത്തിൽ ഏതാനും ക്ലിപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്നാ കണ്ടത്തിലുമായി ബന്ധപ്പെട്ട് പലതും കേട്ടിരുന്നു. അവയിൽ എത്രത്തോളം സത്യമുണ്ടെന്ന് അറിഞ്ഞുകൂടാ. ജെ.സി.പാറക്കടവിൽ, ബിജു നാരായണൻ എന്നിവരെക്കുറിച്ചും ഡിഫെൻഡറിന് വേണ്ടത്ര അറിവില്ല.

ഐ.പി.സിയും ചർച്ച് ഓഫ് ഗോഡും ചെയ്തത് മറ്റു പെന്തക്കോസ്ത് സഭകൾക്കും മാതൃകയാക്കാവുന്നതാണ്. ദുരുപദേശം, ദുർന്നടപ്പ് തുടങ്ങിയ പ്രശ്നങ്ങളുള്ള പ്രസംഗകരെ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കാൻ പ്രാദേശിക സഭകൾക്കു നിർദ്ദേശം കൊടുക്കണം.

## പുറത്താക്കൽ വാർത്ത സൂര്യാ ടിവിയിൽ

കെ.എ.ഏബ്രഹാം മുതൽ പേരെ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കാൻ ഐ.പി.സി തീരുമാനിച്ച വിവരം സൂര്യാ ടിവി വാർത്തയാക്കി. ഡിസംബർ 17ന് വൈകിട്ട് ആറു മണി മുതൽ ഈ വാർത്ത സംപ്രേക്ഷണം ചെയ്തു. കെ.എ.ഏബ്രഹാമിന്റെ പ്രസംഗത്തിന്റെ ചില ഭാഗങ്ങളും വാർത്തയോടൊപ്പമുണ്ടായിരുന്നു. പെന്തക്കോസ്ത് കൺവൻഷനുകളുടെ മറവിൽ നടക്കുന്ന തട്ടിപ്പുകളെക്കുറിച്ച് ഏതാനും ആഴ്ച മുൻപ് സൂര്യാ ടി.വി റിപ്പോർട്ട് ചെയ്തിരുന്നു. ആ വാർത്തയിലും അവറാനായിരുന്നു താരം. ഈ വാർത്തയ്ക്കെതിരെ പെന്തക്കോസ്തുകാരെ ഇളക്കാൻ കെ.എ.ഏബ്രഹാം ശ്രമിച്ചെങ്കിലും ആ ശ്രമം വിജയിച്ചില്ല. ഇത്തവണ എന്താണാവോ ചെയ്യുക!

# ഫിലിപ്പ് പി. തോമസിനെ ഒറ്റപ്പെടുത്താൻ നീക്കം



ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറിയായ പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ തലയിൽ പുറത്താക്കൽ പ്രശ്നത്തിന്റെ ഭാരം മുഴുവൻ ചുമത്തി വിജനപ്രദേശത്തേക്കു വിടാൻ ചില തത്പര കക്ഷികൾ ശ്രമിക്കുന്നതായി അറിയാൻ കഴിഞ്ഞു. സ്റ്റേറ്റ് കൗൺസിലിന്റെ തീരുമാനം ഫിലിപ്പ് പി. തോമസിന്റെ മാത്രം താത്പര്യപ്രകാരം ഉണ്ടായതാണെന്നും കെ.എം.ജോസഫ്, കെ.സി.തോമസ് തുടങ്ങിയവരുടെ പിൻതുണ ഈ തീരുമാനത്തിനില്ലെന്നും മറ്റുമാണ് ആരോപണം. ഫിലിപ്പ് പി. തോമസ് പത്രസമ്മേളനം നടത്തിയെന്നും അതു മഹാപാപമായിപ്പോയെന്നും വരെ ആരോപണമുണ്ട്.

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ എടുത്ത ഒരു തീരുമാനം സ്റ്റേറ്റ് സെക്രട്ടറി എന്ന നിലയ്ക്ക് അറിയിക്കുക മാത്രമാണു ഫിലിപ്പ് പി. തോമസ് ചെയ്തത്. അഞ്ചു പേരെ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ച വിവരം എല്ലാ സെന്റർ/ഏരിയ പാസ്റ്റർമാരെയും അറിയിക്കാനായിരുന്നു തീരുമാനം. അതു ഫിലിപ്പ് പി. തോമസ് ചെയ്തു. സംഭവത്തെക്കുറിച്ച് സൂര്യാ ടിവി ചോദിച്ചപ്പോൾ മാന്യമായ ഭാഷയിൽ മറുപടി പറയുകയും ചെയ്തു. ഇതിൽ എന്തു തെറ്റാണുള്ളതെന്നു മനസ്സിലാകുന്നില്ല.

യഥാർത്ഥ പ്രശ്നം അതല്ല. കെ.സി.ജോണിന്റെ ചവർ ചാനലിൽ ദേവസ്യ മുല്ലക്കരയും അവറാനും പരിപാടി അവതരിപ്പിക്കുന്നുണ്ട്. ആ വകയിൽ വലിയൊരു തുക ലഭിക്കുന്നുമുണ്ട്. തങ്കു ഉൾപ്പെടെ ദുരുപദേശക്കാരുടെ ഒരു സംഘം വേറെയുമുണ്ട്. അവരെയും ഐ.പി.സി പുറത്താക്കിയാൽ കെ.സി.ജോൺ കുഴയും. ഐ.പി.സി പുറത്താക്കിയവരെ ഐ.പി.സിയുടെ പ്രസിഡന്റ് സ്വീകരിക്കുന്നതെങ്ങനെ? കെ.സി.ജോണിനു മറുപടി പറയാൻ കഴിയാതാകാം. ദുരുപദേശക്കാരെ വേണ്ടെന്നു വച്ചാൽ അതോടെ ചവർ ചവറ്റുകൊട്ടയിലാകും. കാരണം, ദുരുപദേശക്കാർ കൊടുക്കുന്ന പണമാണു ചവറിന്റെ അടിത്തറ.

മറ്റൊരു പ്രശ്നവും ഇവിടെയുണ്ട്. ദുരുപദേശക്കാരെ പുറത്താക്കാനുള്ള തീരുമാനം ഉപദേശ സത്യങ്ങളിൽ വിശ്വസിക്കുന്ന പാസ്റ്റർമാർക്കും വിശ്വാസികൾക്കും രസിച്ചിട്ടുണ്ട്. ഫിലിപ്പ് പി. തോമസാണ് ഇതിന്റെ പിന്നിൽ എന്ന പ്രചരണം ഫിലിപ്പ് പി. തോമസിനു ഗുണകരമാകുകയും ചെയ്യുന്നു. ഉപദേശ സത്യങ്ങൾ സംരക്ഷിക്കാൻ പോരാടുന്ന വീരൻ എന്ന നിലയ്ക്കാണ് ഇപ്പോൾ പലരും ഫിലിപ്പ് പി. തോമസിനെ കാണുന്നത്. ഈ സ്ഥിതി തുടർന്നാൽ കെ.സി. പക്ഷത്തിനു ക്ഷീണമാകും. ആത്മീയതയുടെ മറവിൽ എന്തു തോന്ന്യാസവും ആകാം എന്ന നിലപാടു സ്വീകരിച്ചിട്ടുള്ളവർക്കു ഫിലിപ്പ് പി. തോമസ് ഭീഷണിയാകും. അതുകൊണ്ട് കെ.സി. പക്ഷം തന്ത്രപരമായ നീക്കം നടത്തുകയാണ്. ഇത്തരക്കാരുടെ പദ്ധതി ഇതാണ്:

1. അവറാനെയും കൂട്ടരെയും പേരു പറഞ്ഞ് ഒഴിവാക്കിയതു തെറ്റാണെന്നു പ്രചരിപ്പിക്കുക.
2. ഈ തെറ്റു തിരുത്താൻ ആളെ കൂട്ടി സമ്മർദ്ദം ചെലുത്തുക.
3. അങ്ങനെ തീരുമാനം തിരുത്തിക്കുക.
4. ഫിലിപ്പ് പി. തോമസാണ് ഈ പ്രശ്നമെല്ലാം ഉണ്ടാക്കിയതെന്നു വരുത്തിത്തീർക്കുക. എന്നിട്ട് ഫിലിപ്പ് പി. തോമസിനെ കുഴപ്പക്കാരനായി പ്രഖ്യാപിക്കുക.

ദി ഡിഫെൻഡർ

Vol. No.14 Issue No.1 2011 January 1

# ദുർന്നടപ്പുകാരെയും ഒഴിവാക്കണം

ദുരുപദേശക്കാരെ പേരു പറഞ്ഞ് ഒഴിവാക്കാൻ ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചത് തികച്ചും സ്വാഗതാർഹമായ നടപടിയാണ്. പത്തു ദിവസം കഴിഞ്ഞ് ചർച്ച് ഓഫ് ഗോഡും മൂന്നു പ്രസംഗകരെ ഒഴിവാക്കാൻ തീരുമാനിച്ചു. അടുത്ത കാലത്തൊന്നും ഇത്തരം ഒരു നടപടി ഉണ്ടായതായി അറിവില്ല.

ദുരുപദേശം എന്നത് ഗൗരവമുള്ള വിഷയമായി പെന്തക്കോസ്ത് സഭകൾ പരിഗണിക്കാൻ തുടങ്ങി എന്നത് സന്തോഷകരമായ കാര്യമാണ്. ഇതു തുടരണം. ബൈബിളിൽ നിന്ന് ഒന്നോ രണ്ടോ വാക്യം വായിച്ചിട്ട് വായിൽ തോന്നിയതു പറയുന്നതല്ല സുവിശേഷഘോഷണം. മിമിക്രി കാസറ്റുകളിലെ തമാശകൾ മോഷ്ടിച്ചു കൺവൻഷൻ സ്റ്റേജിൽ പുലമ്പുന്നവരെ സുവിശേഷപ്രസംഗകരായി പരിഗണിക്കാനുമാവില്ല. ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്നവരെ മാത്രമേ പെന്തക്കോസ്ത് കൺവൻഷനുകളിൽ പ്രസംഗകരാക്കാവൂ.

ദുരുപദേശം മാത്രമല്ല പെന്തക്കോസ്തിലുള്ളത് എന്ന വസ്തുത സഭാനേതൃത്വം അറിഞ്ഞിരിക്കണം. ഗുരുതരമായ ദുർന്നടപ്പും പെന്തക്കോസ്തിലുണ്ട്. വ്യഭിചാരം തൊഴിലാക്കിയ നിരവധി പ്രസംഗകരുണ്ട്. ഇവരിൽ ചിലർ പെന്തക്കോസ്ത് സംഘടനകളുടെ തലപ്പത്ത് എത്തിയിട്ടുമുണ്ട്. പണവും മറ്റു സ്വാധീനവുമുള്ള ഇത്തരക്കാർക്കെതിരെ ശബ്ദിക്കാൻ മിക്കവർക്കും ധൈര്യമില്ല. പക്ഷേ ഡിഫെൻഡറിന് ഈ അത്യുന്നതൻമാരെ ഭയമില്ല. അതുകൊണ്ട് ഇവരെ പേരെടുത്തു പറയാൻ ശങ്കയുമില്ല.

ദുർന്നടപ്പ് ഗൗരവമുള്ള പാപമാണ്. ദുർന്നടപ്പിന്റെ ശ്രുതി പോലും ഇല്ലാത്തവരായിരിക്കണം സഭാനേതാക്കൻമാർ. പക്ഷേ അതല്ല ഇന്നത്തെ സ്ഥിതി. വ്യഭിചാരം തങ്ങളുടെ ജൻമാവകാശമാണ് എന്നു പറയാതെ പറയുകയാണ് നേതാക്കൻമാർ. ഇത്തരക്കാർ നേതൃസ്ഥാനത്ത് ഇരിക്കുന്നിടത്തോളം കാലം പെന്തക്കോസ്തിനെ ശുദ്ധീകരിക്കാൻ പറ്റില്ല. ദ്രവ്യാഗ്രഹം, അധികാരക്കൊതി തുടങ്ങിയവയും ഗൗരവമുള്ള പാപങ്ങൾ തന്നെ. ഈ വിഷയങ്ങളിലും സഭാനേതാക്കൻമാരെ വെല്ലാൻ ആരുമില്ല. ഇത്തരം തിൻമകൾ കണ്ടില്ലെന്നു നടിക്കുന്നത് അപകടമാണ്. ദുരുപദേശക്കാരെ പേരുപറഞ്ഞു പുറത്താക്കിയതുപോലെ ഈ നീചൻമാർക്കെതിരെയും നടപടിയുണ്ടാകണം. അതിനു കഴിയുന്നില്ലെങ്കിൽ പെന്തക്കോസ്ത് സഭകളുടെ സ്ഥിതി പരമ ദയനീയമാകും.

# സത്യം സത്യമായി

ലീഡർ ഇനി ചരിത്രത്തിന്റെ ഭാഗം. കേരള രാഷ്ട്രീയത്തിൽ ഏറെ സ്വാധീനം ചെലുത്താൻ ഇടയുള്ള ഒരു മരണമാണിത്. ഗ്രൂപ്പ് സമവാക്യങ്ങൾ മാറിമറിയും. ഗോഡ് ഫാദർ ഇല്ലാതായതോടെ പലരുടേയും സ്ഥിതി പരുങ്ങലിലാകും.

പുത്രൻ കോൺഗ്രസ്സിൽ തിരികെയെത്തുന്നതു കാണാതെയാണ് പിതാവു യാത്രയായത്. എങ്കിലും പുത്രന്റെ മടങ്ങിവരവിന് തടസ്സമുണ്ടാകാൻ ഇടയില്ല. പക്ഷേ പിതാവിന്റെ തണലിൽ ഇരുന്നപ്പോൾ ലഭിച്ചതൊക്കെ തുടർന്നും ലഭിക്കുമെന്നു പറയാൻ പറ്റില്ലെന്നു മാത്രം. സഹോദരിയുടെ നിലപാടെന്തായിരിക്കും എന്നു കണ്ടു തന്നെ അറിയണം. ലീഡറുടെ പിൻഗാമി ആര് എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കണമല്ലോ.

ജെ.എസ്സ്.എസ്സ്. പ്രശ്നം ഇപ്പോഴും തിരുനക്കരെത്തന്നെ. ചർച്ച നടത്താൻ ഇരുപക്ഷവും തയ്യാറായതാണ്. മോരില്ലേൽ ശകലം ഉണ്ടേക്കാം എന്ന നിലപാടിലായിരുന്നു ജെ.എസ്സ്.എസ്സ്. പക്ഷേ അതിനിടയിലാണു വേദി പ്രശ്നമായത്. 'അക്കരെയിക്കരെ നിന്നാലെങ്ങനെ ആശ തീരും' എന്ന സ്ഥിതിയിൽ രണ്ടു കൂട്ടരും രണ്ടിടത്തിരുന്നു. 'ഒന്നെങ്കിൽ ആൺകിളി അക്കരേക്ക്, അല്ലെങ്കിൽ പെൺകിളി ഇക്കരേക്ക്' എന്നതാണു പരിഹാരമാർഗ്ഗം. അതു പിന്നീടാകട്ടെ എന്നാണ് രണ്ടു കൂട്ടരും പറയുന്നത്.

ഗൗരിയമ്മ എത്ര പിണങ്ങിയാലും യു.ഡി.എഫ് വിട്ടു പോകുകയില്ല എന്നു കോൺഗ്രസ്സ് നേതാക്കൻമാർക്കറിയാം. അഥവാ പോയാലും അതുകൊണ്ടു വലിയ ക്ഷീണമൊന്നും വരില്ലെന്നു വ്യക്തം. അതുകൊണ്ട് ജെ.എസ്.എസ്സിനോട് മൃദു .സമീപനം ആവശ്യമില്ല.

രാജ രക്ഷപ്പെടുന്ന ലക്ഷണമൊന്നും കാണുന്നില്ല. കക്ഷിയെ സി.ബി.ഐ ശറപറാന്നു ചോദ്യം ചെയ്യുന്നുണ്ട്. രാജയെ രക്ഷിക്കാനുള്ള പ്രാപ്തി ഇപ്പോൾ കരുണാനിധിക്കില്ല. പിൻതുണ പിൻവലിക്കുമെന്നു ഭീഷണിപ്പെടുത്തിയിട്ടു ഫലവുമില്ല. ഡി.എം.കെ പിൻതുണ പിൻവലിച്ചാലും സർക്കാർ വീഴില്ല എന്നതുതന്നെ കാരണം. അതുകൊണ്ട് കരുണാനിധിയുടെ കാരുണ്യത്താൽ രക്ഷപ്പെടുക എന്നത് അസാധ്യം തന്നെ. വരാനുള്ളതു വഴിയിൽ തങ്ങുകയില്ല എന്ന് ഉറപ്പിക്കാം.

രാജ പ്രശ്നത്തിൽ മുൻ ചീഫ് ജസ്റ്റീസിന്റെയും കുടുംബാംഗങ്ങളുടെയും പേരുകൾ കൂടി ഉൾപ്പെട്ടതോടെ പ്രശ്നത്തിന്റെ വ്യാപ്തി വർദ്ധിക്കയാണ്. ജുഡീഷ്യറിക്ക് അപമാനം വരുത്തി വയ്ക്കുന്നതാണ് ഈ ആരോപണമെന്നും അതുകൊണ്ട് അന്വേഷണം അനിവാര്യമാണെന്നും ജ. കൃഷ്ണയ്യർ വ്യക്തമാക്കിക്കഴിഞ്ഞു. എന്തൊക്കെയാണാവോ ഇനി നടക്കുക!

സവാളപ്രശ്നം സർക്കാരിനു ഭീഷണിയാകുമോ? ആ സാധ്യത തള്ളിക്കളയാനാവില്ല. സവാളയേക്കാൾ ചെറിയ ഉള്ളി സർക്കാരിനു ഭീഷണിയായ ചരിത്രമുണ്ട്. അങ്ങനെയെങ്കിൽ സവാള അല്പംകൂടി വലിയ ഭീഷണിയായേക്കാം. അതുകൊണ്ട് സർക്കാർ ഉണർന്നു പ്രവർത്തിക്കുകയാണ്. സവാളയുടെ ഇറക്കുമതിച്ചുങ്കം എടുത്തു കളഞ്ഞു. കയറ്റുമതി നിരോധിക്കയും ചെയ്തു. അതിന്റെ ഫലം മാർക്കറ്റിൽ കണ്ടു തുടങ്ങിയിരിക്കുന്നു. ഏതാനും ആഴ്ചകൾക്കകം സവാളപ്രശ്നം ഇല്ലാതായേക്കാം.

ഭക്ഷ്യവകുപ്പും സഹകരണ വകുപ്പും തമ്മിൽ കശപിശ. അപ്പോൾ മന്ത്രിമാർക്കു കൂട്ടുത്തരവാദിത്വമില്ലേ? അതൊക്കെയുണ്ട്. എങ്കിലും ഇങ്ങനെയൊക്കെയാണ് എൽ.ഡി.എഫിന്റെ കൂട്ടുത്തരവാദിത്വം.

അടുത്ത അസംബ്ലി തെരഞ്ഞെടുപ്പ് എപ്പോൾ വേണം? മാർച്ചിൽ പറ്റില്ല. അതു പരീക്ഷയുടെ കാലമാണ്. ഏപ്രിലിൽ ആയാലോ? അപ്പോഴുമുണ്ട് പരീക്ഷകൾ. ഈസ്റ്ററും മറ്റും ഏപ്രിലിലാണെന്നതും പ്രശ്നം തന്നെ. എന്നാൽ മെയ് മാസത്തിലാക്കാം. പക്ഷേ അന്തിമ തീരുമാനം ഇലക്ഷൻ കമ്മീഷന്റേതാണ്.

പെട്രോളും ഡീസലും പാചക വാതകവും മറ്റും ഉണ്ടാക്കാൻ പോകുന്ന പ്രശ്നം അത്ര പെട്ടെന്നൊന്നും പരിഹരിക്കാൻ പറ്റില്ല. ഡീസലിന്റെ വില കൂട്ടുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വിലയും കൂടും. പണപ്പെരുപ്പം രണ്ടക്കത്തിലെത്തും. അതും പ്രശ്നം തന്നെ. ആ വകയിൽ ഒരു ഹർത്താലും ഉണ്ടാകും. ദുരിതം ജനത്തിനു മാത്രം.

കേരളത്തിലെ ഭൂരിപക്ഷം റോഡുകളും പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. കുഴികളെല്ലാം ഉടൻ നികുത്തിക്കളയും എന്നു മന്ത്രി ഭീഷണി മുഴക്കുന്നുണ്ടെങ്കിലും അതു പഴയ ചാക്കുപോലെ ആയിരിക്കയാണ്. ഇലക്ഷൻ വരുന്നതുകൊണ്ട് റോഡുകൾ നന്നാക്കുമെന്നു തീർച്ച.

അടിയന്തിരാവസ്ഥയുടെ പാപഭാരമെല്ലാം സഞ്ജയ് ഗാന്ധിയുടെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടാൻ കോൺഗ്രസ്സ് ശ്രമിക്കയാണത്രേ. സഞ്ജയ് ഗാന്ധി നടപ്പിലാക്കിയ കുടുംബാസൂത്രണവും ചേരി നിർമ്മാർജ്ജനവും മറ്റുമാണ് ജനരോഷത്തിനു കാരണമായതെന്നാണു വിലയിരുത്തൽ. സഞ്ജയ് ഗാന്ധി ഇനി തിരിച്ചു വന്ന് സ്വന്തം നിരപരാധിത്വം തെളിയിക്കുകയില്ലെന്ന് കോൺഗ്രസ്സിന് ഉറപ്പുണ്ട്.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്കുക. നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ട് സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചുകൊള്ളണം എന്നു ഞാൻ ദൈവത്തെയും ക്രിസ്തുയേശുവിനെയും ശ്രേഷ്ഠദൂതൻമാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു........ ചില മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിനു മുമ്പെ തന്നേ വെളിവായിരിക്കുന്നു; ചിലരുടെ പാപങ്ങളോ ക്രമേണയത്രേ. (1തിമോ.5:20, 21, 24)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.ററി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.ററി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9645077483**

**Local Calls from USA & Canada: (972)-213-1404**

# ഖത്തറിലും ഐ.പി.സി ബാധ

സ്നേഹത്തിലും ഐക്യത്തിലും കഴിയുന്ന ദൈവമക്കളെ കൂട്ടിയടിപ്പിക്കുന്ന കാര്യത്തിൽ ഐ.പി.സി ഒന്നാം സ്ഥാനത്താണ്. അമേരിക്ക, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, വിവിധ ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതി 'o'യോളം മാത്രം വലിപ്പമുള്ള ഖത്തറിലും ഐ.പി.സി നടപ്പിലാക്കുകയാണ്.

ഖത്തറിൽ ഐ.പി.സിക്ക് റീജിയൻ ഉണ്ടാക്കാൻ പോകുന്നത്രേ. ഖത്തറിൽ ആകെ മൊത്തം ടോട്ടൽ എത്ര ഐ.പി.സി സഭകളുണ്ട്? അവയിൽ എല്ലാം കൂടി എത്ര വിശ്വാസികളുണ്ട്? ഒരു കെട്ടിടത്തിന്റെ വിവിധ മുറികളിലായി നടക്കുന്ന ആരാധനകളാണ് ഖത്തറിലുള്ളത്. അതുകൊണ്ട് ഐ.പി.സിക്ക് റീജിയനുണ്ടാക്കിയാൽ അത് ഒരു കെട്ടിടത്തിലൊതുങ്ങും എന്നു ചുരുക്കം. ഏകദേശം 500 വിശ്വാസികളാണ് എല്ലാ സഭകളിലുംകൂടി ഉള്ളത്. ജനുവരി അവസാനം ഒരു റീജിയൻ കൺവൻഷൻ നടത്താനും പദ്ധതിയുണ്ടത്രേ. കുശാൽ.

നേതാക്കൻമാരുടെ ദ്രവ്യാഗ്രഹവും അധികാരമോഹവും മാത്രമാണ് ഇതിന്റെ പിന്നിലുള്ളത് എന്നു വിശേഷിച്ചു പറയേണ്ടതില്ല. റീജിയനുണ്ടാക്കിയാൽ ഒരു റീജിയൻ പ്രസിഡന്റും റീജിയൻ സെക്രട്ടറിയും മറ്റുമുണ്ടാകും. അവർക്ക് ആ പേരു പറഞ്ഞു ഞെളിയാം. കെ.സി.ജോൺ, വൽസൻ തമ്പുരാൻ തുടങ്ങിയവർക്ക് ഖത്തറിൽ കയറിയിറങ്ങാനും പാവപ്പെട്ട വിശ്വാസികളെ കൊള്ളയടിക്കാനും കൂടുതൽ സൗകര്യമാകും. ഇതിനാണ് റീജിയൻ ഉണ്ടാക്കുന്നത്.

വിദേശ രാജ്യങ്ങളിലുള്ള സഭകളിൽ സംഘടനാ വ്യത്യാസം കൂടാതെയായിരിക്കും ദൈവമക്കൾ ആരാധിക്കുക. ഐ.പി.സിക്കാരനും എ.ജിക്കാരനും ശാരോൻകാരനും എല്ലാം ഐക്യത്തോടെ ആരാധിക്കും. അതിനിടയിൽ ഏതെങ്കിലും ഐ.പി.സി മാരണം വന്ന് ഐ.പി.സിയുണ്ടാക്കും. അതോടെ സഭയിൽ ഭിന്നതയുണ്ടാകും. വിശ്വാസികളിൽ സംഘടനാസ്പിരിറ്റ് ഉണ്ടാകും.സഭകൾ പിളരും. അമേരിക്ക ഉൾപ്പെടെ എല്ലാ വിദേശ രാജ്യങ്ങളിലും ഇതാണു സംഭവിച്ചിട്ടുള്ളത്. ഇപ്പോൾ ഇത് ഖത്തറിലും ആവർത്തിക്കുന്നു.

# കുമളിയിലെ പാസ്റ്റർ കാറിലാണു വരുന്നത്

ഇടുക്കി ജില്ലയിലെ കുമളിക്കു സമീപമുള്ള ഒരു സഭയിലെ പാസ്റ്റർക്ക് സാമാന്യം നന്നായി പ്രസംഗിക്കാനറിയാം. കുറെ പിടിപാടുകളുമുണ്ട്. അതുകൊണ്ട് കക്ഷിക്ക് കുറെ കൺവൻഷൻ പ്രോഗ്രാമുകളൊക്കെ കിട്ടാറുണ്ട്. നാലോ അഞ്ചോ കൺവൻഷനുകിൽ പ്രസംഗിച്ചു കഴിയുന്നതോടെ അഹങ്കാരം തലയ്ക്കു പിടിക്കുക സ്വാഭാവികം. അതോടൊപ്പം ദ്രവ്യാഗ്രഹവുമുണ്ടാകും. കുമളിക്കാരനും ഇത്തരം പ്രശ്നങ്ങളുണ്ടായി. ലൊട്ടുലൊടുക്കു യോഗങ്ങൾക്കൊന്നും പോകത്തില്ല. യോഗത്തിനു വിളിക്കുന്നവരുടെ സാമ്പത്തിക സ്ഥിതി, കൺവൻഷനിൽ പങ്കെടുക്കാനിടയുള്ളവരുടെ എണ്ണം തുടങ്ങിയതൊക്കെ വിലയിരുത്തിയശേഷം മാത്രമേ ഡേറ്റ് കൊടുക്കൂ.

അല്പം പണമൊക്കെയായപ്പോൾ ഒരു കാറുവാങ്ങി. അതോടെ അഹങ്കാരം വർദ്ധിച്ചു. കൺവൻഷനു വിളിക്കാൻ വരുന്നവരോടു സംസാരിക്കുന്നതുതന്നെ മസിലു പിടിച്ചാണ്. കൺവൻഷന്റെ വിശദാംശങ്ങളൊക്കെ ചോദിച്ചറിഞ്ഞശേഷം പാസ്റ്റർ പറയും:
''ഞാൻ കാറിലായിരിക്കും കൺവൻഷനു വരുക.''

സംഗതി പിടി കിട്ടിയോ? കക്ഷി കാറിലാണു വരുന്നത്. കാറ് ഓടണമെങ്കിൽ ഡീസൽ വേണം. പണം കൊടുക്കാതെ ഡീസൽ കിട്ടുകയില്ല. അതുകൊണ്ട് നക്കാപ്പിച്ച തന്നു പറ്റിക്കരുതെന്നു ചുരുക്കം.




# പാട്ടിവിടെ, സദസ്സെവിടെ




വിൽസൺ കോറസിനെക്കുറിച്ച് ഡിഫെൻഡറിൽ വന്ന വാർത്തകൾ വായിച്ച പലരും തങ്ങൾക്കു നേരിട്ടറിയാവുന്ന കാര്യങ്ങൾ അറിയിക്കയുണ്ടായി. അവ ഓരോന്നും ഡിഫെൻഡർ വിശദമായി അന്വേഷിച്ചു വരികയാണ്. അതീവ ഗൗരവമുള്ള കാര്യങ്ങളാണ് കേട്ടതൊക്കെ. അതുകൊണ്ട് വസ്തുതകൾ ബോധ്യമാകാതെ എഴുതാനാവില്ല. തെളിവുകൾ കിട്ടുന്ന മുറയ്ക്ക് എല്ലാം ഡിഫെൻഡറിൽ വിശദീകരിക്കാം.

ഇപ്പോൾ ഈ കുറിപ്പ് എഴുതാൻ കാരണമുണ്ട്. വിൽസന്റെ പാട്ടും മറ്റും ഏതു വിധത്തിലുള്ളതാണെന്നു മനസ്സിലാക്കാനായി ഇയാളുടെ ചില സി.ഡികളും മറ്റും ഈയിടെ ഞങ്ങൾ പരിശോധിക്കയുണ്ടായി. കുറെ യുവാക്കളെയും യുവതികളെയും യൂണിഫോം അണിയിച്ചു നിർത്തിയിരിക്കുന്നു. വിൽസൻ പാട്ടിനു നേതൃത്വം കൊടുക്കുന്നു.

പാട്ടിലെ ഓരോ വരികളും വിൽസൻ ഗദ്യരൂപത്തിൽ പറയും. സംഗതി വികലമായ ഭാഷയിലുള്ള ഗദ്യം തന്നെ. അതു കഴിഞ്ഞ് അതു പാട്ടായി പാടും. ഏറെ ജനപ്രീതി നേടിയിട്ടുള്ള പാട്ടുകളുടെ ട്യൂൺ അനുകരിച്ചാണു പാടുന്നത്. പെന്തക്കോസ്തുകാർക്കു പാടാൻ എളുപ്പമുള്ള ട്യൂണുകളാകയാൽ നല്ല പാട്ടാണെന്നു തോന്നുകയും ചെയ്യും. പക്ഷേ ഒരു കഴമ്പുമില്ലാത്ത കാര്യങ്ങളാണു പാടുന്നത്.

ഗായകസംഘം വണ്ടിയുടെ വൈപ്പർ പോലെ ആടുന്നു എന്നതാണ് ശ്രദ്ധേയമായ മറ്റൊരു സംഗതി. പാടുന്ന പാട്ടും ഈ ആട്ടവുമായി കാര്യമായ ബന്ധമൊന്നുമില്ല. എങ്കിലും ആട്ടം മുറയ്ക്കു നടക്കുന്നുണ്ട്.

വിൽസനും സംഘവും സ്റ്റേജിൽ നിന്നു പാടുന്നു. വിൽസൻ സായിപ്പിന്റെ വേഷത്തിലാണ്. കേരളത്തിൽ ഏറ്റവും ചൂടുള്ള കാലമാണ് കൺവൻഷൻ സീസൺ. ആ സമയത്ത് ഇങ്ങനെ വേഷം കെട്ടി നിന്നു പാടാൻ ഊളമ്പാറയിലെ ചങ്ങാതിമാർക്കു പോലും സാധിക്കുമെന്നു തോന്നുന്നില്ല. പിന്നെ വിൽസൻ എങ്ങനെ ഇതു സഹിക്കുന്നു?

കൂടുതൽ അന്വേഷണം നടത്തിയപ്പോൾ ഒരു സത്യം മനസ്സിലായി. വിൽസനും സംഘവും ഒരു കെട്ടിടത്തിനുള്ളിൽ ക്രമീകരിച്ച സ്റ്റേജിൽ നിന്നാണു പാടുന്നത്. അപ്പോൾ സദസ്സോ? ഏതോ കൺവൻഷനിൽ പാടുന്ന പ്രതീതിയുണ്ടല്ലോ. ജനക്കൂട്ടവും പാട്ടിനൊത്ത് ആടുകയും പാടുകയും ചെയ്യുന്നു. വിശദമായ അന്വേഷണം നടത്തിയപ്പോൾ കാര്യം പിടി കിട്ടി. വിൽസനും കൂട്ടരും ചർച്ച് ഓഫ് ഗോഡിന്റെ മുളക്കുഴയിലുള്ള ഒരു ഹാളിൽ നിന്നാണു പാടിയത്. ഏതോ കൺവൻഷനിൽ ജനക്കൂട്ടം പാട്ടു പാടുന്ന രംഗങ്ങൾ കൂടി ഇടയ്ക്കു ചേർത്തു വിൽസൻ സി.ഡി പടച്ചു വിട്ടിരിക്കയാണ്.

# വചന ചോഷണം

'വചനചോഷണം' എന്നൊരു പത്രത്തെക്കുറിച്ചു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. തോമസ്കുട്ടിയുടെ പത്രത്തിൽ സ്ഥിരമായി പ്രത്യക്ഷപ്പെടുന്ന Mark Kauffman എന്ന സായിപ്പാണ് ഇങ്ങനെയൊരു പത്രം സൃഷ്ടിച്ചിരിക്കുന്നത്. ഇയാളുടെ linkedin.com/in/anointed2finish എന്ന വെബ് പേജിൽ പറയുന്നു:

"He also oversees Impacting the Nations Network which oversees 100 pastors and churches based in the nation of India. Kauffman is the international editor of the VACHANACHOSHANAM Newspaper in India. This newspaper not only spreads the message of the kingdom in India but throughout Asia and the Middle East."

വചനചോഷണം എന്ന പത്രം ഇന്ത്യയിൽ മാത്രമല്ല ഏഷ്യ മുഴുവനും മിഡിൽ ഈസ്റ്റിലും രാജ്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നുണ്ടത്രേ. (ശരിയല്ലേ കുറുപ്പേ?) ഏതായാലും ഈ ചങ്ങാതി തോമസ്കുട്ടിക്കു യോജിക്കുന്ന സായിപ്പുതന്നെ.



# പഴയനിയമം ഉപേക്ഷിക്കണമെന്നോ?

പഴയനിയമത്തിനെതിരെ സംസാരിക്കുന്നരുടെ എണ്ണം വർദ്ധിച്ചു വരുന്ന സമയമാണിത്. പഴയനിയമം ദൈവവചനത്തിന്റെ ഭാഗമേയല്ല എന്നുവരെ ചിലർ പറയുന്നു. അതുകൊണ്ട് പഴയനിയമത്തെ സംബന്ധിച്ച് ചില വസ്തുതകൾ വ്യക്തമാക്കാം.

1. പുതിയനിയമം പോലെതന്നെ പഴയനിയമവും ദൈവാത്മ പ്രേരണയാൽ എഴുതപ്പെട്ടതാണ്. ദൈവനിശ്വാസ്യതയുടെ അളവുകോൽ വച്ച് അളന്നാൽ പഴയനിയമവും പുതിയനിയമവും ഒന്നുപോലെ സ്വീകാര്യമാണ്. പഴയനിയമത്തെ തള്ളിക്കളയുന്നവർ ദൈവവചനത്തെയാണു തള്ളിക്കളയുന്നത്.

2. കർത്താവും ശിഷ്യൻമാരും പഴയനിയമത്തെ ദൈവവചനമായി അംഗീകരിച്ചിരുന്നു. ഇന്നുള്ള ദൈവമക്കളും ഇതുതന്നെയാണു ചെയ്യേണ്ടത്.

3. പഴയനിയമത്തിലെ നിയമങ്ങൾ ദൈവസഭയിലെ അംഗങ്ങൾ അനുസരിക്കേണ്ടതില്ല. അവ പഴയനിയമകാലത്തു ജീവിച്ചിരുന്നവർക്കുവേണ്ടിയുള്ളതായിരുന്നു.

4. പത്തു കല്പനകളും പഴയനിയമത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് പത്തു കല്പനകളും ഇക്കാലത്തുള്ളവർ അനുസരിക്കേണ്ടതില്ല. ഈ നിലപാട് തെറ്റിദ്ധാരണയ്ക്കു കാരണമാകും. അതുകൊണ്ട് അല്പംകൂടി വിശദീകരിക്കേണ്ടതുണ്ട്.

പുതിയനിയമത്തിന്റെ ഭാഗമായ നിയമങ്ങളും ചട്ടങ്ങളും നാം അനുസരിക്കണം. പത്തു കല്പനകളിൽ നാലാം കല്പന ഒഴികെയുള്ളവയെല്ലാം പുതിയ നിയമത്തിലുണ്ട്. അതുകൊണ്ട് നാം നാലാം കല്പന ഒഴികെയുള്ളവ അനുസരിക്കണം. ഈ ഒൻപതു കല്പനകൾ പഴയ നിയമത്തിൽ ഉള്ളതുകൊണ്ടല്ല പുതിയനിയമത്തിൽ ഉള്ളതുകൊണ്ടാണ് നാം അനുസരിക്കുന്നത്.

5. താഴെ പറയുന്ന വാക്യം ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്.

‘‘ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകൻമാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിക്കുവാനത്രേ ഞാൻ വന്നത്. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകുകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും.’’ മത്താ.5:17-19.

‘‘നീക്കുവാനല്ല നിവർത്തിക്കാനത്രേ’’ യേശു വന്നത്. നീക്കുക, നിവർത്തിക്കുക എന്നീ വാക്കുകൾ കൊണ്ട് എന്താണർത്ഥമാക്കുന്നത്? ന്യായപ്രമാണം കൊടുത്ത മോശെയ്ക്കുപോലും ന്യായപ്രമാണം പൂർണ്ണമായി അനുസരിക്കാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനായിരുന്നു ദാവീദെങ്കിലുംഏഴാം കല്പന ഉൾപ്പെടെ പലതും തെറ്റിച്ചു. പക്ഷേ കർത്താവായ യേശുക്രിസ്തു ന്യായപ്രമാണം പൂർണ്ണമായി അനുസരിച്ചു. യേശു ന്യായപ്രമാണത്തിലെ ഏതെങ്കിലും കല്പന ലംഘിച്ചു എന്നു പറയാൻ ശത്രുക്കൾക്കുപോലും കഴിഞ്ഞില്ല. അങ്ങനെ യേശു ന്യായപ്രമാണം പൂർണ്ണമായി നിവർത്തിച്ചു. ആദാം എന്ന ഏകന്റെ അനുസരണക്കേടിനാൽ എല്ലാവരും പാപികളായി. അതുപോലെ യേശു എന്ന ഏകന്റെ അനുസരണത്താൽ എല്ലാവരും പാപമോചനം പ്രാപിക്കും.

അതുപോലെ, പഴയ നിയമത്തിൽ യേശുവിനെ സംബന്ധിച്ച് നിരവധി പ്രവചനങ്ങളുണ്ടായിരുന്നു. അവ ഒന്നുപോലും യേശു നീക്കിയില്ല, സ്വന്തം ജീവിതത്തിൽ നിവർത്തിച്ചു.

യേശുവിനെ യഹൂദർ തള്ളിക്കളഞ്ഞതുകൊണ്ടാണ് കൃപായുഗം ഉണ്ടായത്. യേശുവിനെ യഹൂദർ സ്വീകരിച്ചിരുന്നെങ്കിൽ യേശുവിന്റെ ക്രൂശീകരണം കഴിഞ്ഞ് ഏഴു വർഷം കൂടി കഴിയുമ്പോൾ സഹസ്രാബ്ദം ആരംഭിക്കുമായിരുന്നു. പുതിയ നിയമം കൃപായുഗത്തിന്റെ പ്രമാണമാണ്. ദൈവസഭ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടത് പെന്തക്കോസ്ത് നാളിലാണ്. അന്നാണു പഴയനിയമത്തിനു നിയമപ്രാബല്യം ഇല്ലാതാകുകയും പുതിയ നിയമം പ്രാബല്യത്തിൽ വരുകയും ചെയ്തത്. പെന്തക്കോസ്ത് നാൾ വരെയുള്ള കാലത്ത് ന്യായപ്രമാണമാണു നിലവിലുണ്ടായിരുന്നത്. അതുകൊണ്ട് ന്യായപ്രമാണത്തിൽ നിന്ന് ഒരു ചെറിയ കല്പനപോലും അഴിക്കാൻ അനുവാദമില്ലായിരുന്നു. പക്ഷേ പുതിയ നിയമം നിലവിൽ വന്നതോടെ പഴയനിയമം മാറ്റപ്പെട്ടു. സംശയമുള്ളവർ ഗലാത്യ ലേഖനം മുഴുവൻ ഒരുവട്ടം ശ്രദ്ധിച്ചു വായിക്കുക.

6. പഴയനിയമം നിഴലും പുതിയ നിയമം പൊരുളുമാണ്. പഴയനിയമത്തിലെ ശത്രു പുതിയ നിയമത്തിൽ സാത്താനാകും.

7. സങ്കീർത്തനങ്ങൾ ദൈവാത്മ പ്രേരണയാൽ എഴുതപ്പെട്ട പാട്ടുകളാണ്. അവ ഉപേക്ഷിക്കേണ്ടതില്ല. പക്ഷേ സങ്കീർത്തനം അക്ഷരാർത്ഥത്തിൽ എടുത്തു വ്യാഖ്യാനിക്കരുത്. സങ്കീർത്തനത്തിൽ ശത്രു എന്നു പറയുന്നത് പുതിയ നിയമത്തിൽ സാത്താനാണെന്നു മനസ്സിലാക്കി വായിച്ചാൽ പ്രശ്നം തീരും.

8. പെന്തക്കോസ്ത് സഭകളിൽ പഴയ നിയമം അക്ഷരാർത്ഥത്തിൽ എടുത്തു വ്യാഖ്യാനിക്കുന്നവർ ഏറെയുണ്ട്. ഇതു ഗുരുതരമായ ഉപദേശപ്പിശകാണ്. ഇത്തരം തെറ്റുകൾ തിരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കർത്താവായ യേശുക്രിസ്തു പഴയനിയമം അടച്ചു, ഇനി ആരുണ്ട് അതു തുറക്കാൻ എന്നൊക്കെ ജോൺ ലോറൻസ് പ്രസംഗിച്ചു എന്നു കേൾക്കുന്നു. എന്താണ് സംഭവം?

■ ജോൺ ലോറൻസ് എന്താണു പറഞ്ഞത് എന്നു നിശ്ചയമില്ല. എങ്കിലും ഈ സംശയത്തിന് കാരണമായ വേദഭാഗം പഠനവിധേയമാക്കാം.

‘‘അവൻ വളർന്ന നസറെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിക്കുവാൻ എഴുന്നേറ്റുനിന്നു. യെശയ്യാപ്രവാചകന്റെ പുസ്തകം അവന് കൊടുത്തു; അവൻ പുസ്തകം വിടർത്തി: ‘‘ദരിദ്രൻമാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധൻമാർക്ക് വിടുതലും കുരുടൻമാർക്ക് കാഴ്ചയും പ്രസംഗിക്കുവാനും പീഡിതൻമാരെ വിടുവിച്ചയയ്ക്കുവാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും എന്നെ അയച്ചിരിക്കുന്നു’’ എന്ന് എഴുതിയിരിക്കുന്ന സ്ഥലം കണ്ടു. പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരനു തിരികെ കൊടുത്തിട്ട് ഇരുന്നു.’’ലൂക്കോ.4:16-20.

നസ്രേത്തിലെ സിനഗോഗിൽ നടന്ന ഒരു സംഭവമാണിത്. കർത്താവു വായിച്ച ഭാഗം കർത്താവിനെക്കുറിച്ചുള്ള പ്രവചനമായിരുന്നു. ഈ വാക്യം യെശയ്യാവിന്റെ പ്രവചനത്തിൽ ഇങ്ങനെയാണു കാണുന്നത്.

‘‘എളിയവരോടു സദ്വർത്തമാനം ഘോഷിക്കുവാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കുക കൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധൻമാർക്കു സ്വാതന്ത്ര്യവും അറിയിക്കുവാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതൻമാരെയൊക്കെയും ആശ്വസിപ്പിക്കുവാനും സീയോനിലെ ദുഃഖിതൻമാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു.’’യെശ.61:1-3.

യേശു എന്തിനുവേണ്ടി ഈ ഭൂമിയിൽ വന്നു എന്നാണ് ഈ വാക്യങ്ങളിൽ പറയുന്നത്. അതുകൊണ്ട് ഈ വാക്യങ്ങളെ ആധാരമാക്കി കർത്താവ് സ്വന്തം ദേശത്തുള്ളവരോടു സംസാരിച്ചു. പക്ഷേ ‘‘നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസം പ്രസിദ്ധമാക്കുവാനും’’ എന്ന ഭാഗം യേശു വിട്ടുകളഞ്ഞിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെ ചെയ്തു? അബദ്ധം പറ്റിയതാണോ? അല്ലെന്നു തീർച്ച. കാരണം, കർത്താവിന് അബദ്ധം പറ്റുകയില്ലല്ലോ.

പാപികളെ രക്ഷിക്കാനാണ് യേശു വന്നത്. എത്ര വലിയ പാപിക്കും യേശുവിലൂടെ പാപമോചനം നേടാൻ കഴിയും. ഈ സന്തോഷ വാർത്ത - സുവിശേഷം - അറിയിക്കാനാണു കർത്താവു വന്നത്. പക്ഷേ സുവിശേഷത്തിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കാത്തവരോടു ദൈവത്തിന്റെ പ്രതികാര ദിവസത്തെക്കുറിച്ചാണു കർത്താവിനു പറയാനുള്ളത്. കർത്താവു നസ്രേത്തിൽ പ്രസംഗിച്ച സമയത്ത് കർത്താവിനെ ആരും തള്ളിക്കളഞ്ഞിട്ടില്ല. അതുകൊണ്ടു പ്രതികാര ദിവസത്തെക്കുറിച്ചു പറയേണ്ട ആവശ്യവുമില്ല. അതുകൊണ്ടാണ് ആ ഭാഗം വിട്ടുകളഞ്ഞത്.

പ്രസംഗത്തിന് ആധാരമായ ഭാഗം വായിച്ചിട്ട് യേശു പുസ്തകം അടച്ചു. അതു തികച്ചും സ്വാഭാവികമായ നടപടിയാണ്. ഇന്നത്തെപ്പോലെയുള്ള പുസ്തകമല്ല അന്നുണ്ടായിരുന്നത്. കൈയ്യിൽ വേദപുസ്തകം പിടിച്ചു കൊണ്ടുനിന്നു പ്രസംഗിക്കുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് പുസ്തകം അടച്ച് ശുശ്രൂഷക്കാരന്റെ കൈയ്യിൽ കൊടുത്ത ശേഷം ഇരുന്ന് പ്രസംഗിച്ചു.

‘‘യേശു പുസ്തകം അടച്ചു’’ എന്നതിന് അനാവശ്യ വ്യാഖ്യാനം കൊടുത്തതാണു പ്രശ്നമായത്. യേശു നസ്രേത്തിൽ നടത്തിയ ഈ പ്രസംഗത്തോടെ പഴയനിയമം അടഞ്ഞു എന്നാണ് അർത്ഥമെങ്കിൽ അതിനു ശേഷം ആരും പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കുകപോലും ചെയ്യുമായിരുന്നില്ല. പക്ഷേ അതല്ലല്ലോ നടന്നത്. കർത്താവായ യേശുക്രിസ്തു തന്നെ പഴയ നിയമത്തിൽ നിന്നു പലവട്ടം ഉദ്ധരിച്ചു. ശിഷ്യൻമാരും പഴയനിയമത്തെ തിരുവെഴുത്തായി കണക്കാക്കി ഉദ്ധരണികളെടുക്കുകയും അതിനെ ആധാരമാക്കി പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. ലേഖനങ്ങളിൽ പഴയനിയമത്തിൽ നിന്നുള്ള നിരവധി ഉദ്ധരണികൾ കാണാം. ഇതിൽ നിന്നെല്ലാം ഒരു സത്യം മനസ്സിലാക്കാം: പഴയനിയമം തിരുവെഴുത്തുതന്നെയാണ്. പഴയനിയമം അടയ്ക്കപ്പെട്ട പുസ്തകമല്ല.

ഇത്രയുമൊക്കെ പറയുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. പഴയനിയമത്തിലെ കല്പനകൾ ഈ കാലത്ത് അനുസരിക്കേണ്ടതില്ല. പക്ഷേ യേശു പുസ്തകം അടച്ചു എന്നതിന് പഴയനിയമം എന്നെന്നേക്കുമായി അടച്ചു എന്ന് അർത്ഥമില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ -അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# ഇതു ഡിഫെൻഡറിന്റെ വിശ്വാസം

കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവും അനുബന്ധ വിഷയങ്ങളുമാണ് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. ദൈവസഭ ഭൂമിയിൽ നിന്നു മാറ്റപ്പെട്ടശേഷം എന്തു സംഭവിക്കും? ഡിഫെൻഡറിന്റെ വിശ്വാസം ഇതാണ്:

“സഭയുടെ ഉൽപ്രാപണത്തിനു ശേഷമുള്ള ഏഴു വർഷം ഈ ഭൂമിയിൽ എതിർക്രിസ്തു ഭരണം നടത്തും. മഹോപദ്രവകാലം എന്ന് ഈ ഏഴു വർഷങ്ങളെ വിളിക്കാറുണ്ട്.”

പ്രധാന പെന്തക്കോസ്ത് സഭകളെല്ലാം ഇങ്ങനെയാണു വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. ദാനിയേൽ പ്രവചനത്തിലെ 70 ആഴ്ചവട്ടവുമായി ബന്ധപ്പെട്ടാണ് ഈ പഠനം നടത്തേണ്ടത്. കഴിഞ്ഞ ലക്കത്തിൽ അതേപ്പറ്റി വിശദീകരിച്ചിരുന്നു. 69 ആഴ്ചകൾ (483 വർഷങ്ങൾ) കഴിഞ്ഞുപോയി. ഇനി ഒരാഴ്ച (ഏഴു വർഷം) മാത്രമാണ് അവശേഷിക്കുന്നത്. ദൈവസഭ ഭൂമിയിൽ നിന്നു മാറ്റപ്പെട്ടശേഷമുള്ള ഏഴു വർഷമാണിത്. ഈ ഏഴു വർഷത്തെ മൂന്നര വർഷം വീതമുള്ള രണ്ടു ഭാഗങ്ങളായി തിരിക്കാം.

എന്തൊക്കെ സംഭവങ്ങളാണ് ഈ ഏഴു വർഷക്കാലത്തു സംഭവിക്കുക? വെളിപ്പാട് പുസ്തകം 6-ാം അദ്ധ്യായം മുതൽ 19-ാം അദ്ധ്യായം വരെയുള്ള ഭാഗത്ത് വിവരിച്ചിരിക്കുന്ന സംഭവങ്ങൾ ഈ ഏഴുവർഷക്കാലത്തു നടക്കും. അവ ഒന്നൊന്നായി വിവരിച്ചാൽ നിരവധി ലക്കങ്ങൾ അതിനായി മാറ്റി വയ്ക്കേണ്ടതായി വരും. ഈ വിഷയത്തേക്കുറിച്ച് കൂടുതൽ അറിയേണ്ടവർ ‘വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ’ എന്ന സി.ഡി സെറ്റിൽ ഏഴാമത്തെ സി.ഡിയിലുള്ള ക്ലാസ്സ് ശ്രദ്ധിക്കുക. 10 മണിക്കൂർ ദൈർഘ്യമുള്ള ഈ ക്ലാസ്സിൽ പ്രധാനപ്പെട്ട വിശദാംശങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും പ്രധാന കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം,

വെളിപ്പാടു പുസ്തകം പഠിക്കുമ്പോൾ ചില വസ്തുതകൾ പ്രാരംഭത്തിൽത്തന്നെ മനസ്സിലാക്കേണ്ടതുണ്ട്. ഈ പുസ്തകത്തിൽ കാണുന്ന കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. മൃഗം എന്നതു മൃഗമല്ല ഒരു പ്രതീകമാണ്. സ്ത്രീ അക്ഷരാർത്ഥത്തിലുള്ള സ്ത്രീയുമല്ല. കാലക്കണക്കുകളും ഒരു പ്രശ്നം തന്നെ. ഒരേസമയത്തു നടക്കുന്ന സംഭവങ്ങൾ ഒന്നിച്ചു പറയാതെ വിവിധ ഭാഗങ്ങളിലായി വിവരിച്ചിരിക്കുന്നത് സംശയങ്ങൾക്കു വഴി വയ്ക്കുന്നു. അതുകൊണ്ട് 6 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങൾ തുടർച്ചയായി വായിക്കുക. ഈ സംഭവങ്ങൾ നടക്കുമ്പോൾ തന്നെ 11-ാം അദ്ധ്യായത്തിലെ സംഭവങ്ങളും നടക്കുന്നു. ഈ കാലത്തുതന്നെയാണ് 12-ാം അദ്ധ്യായവും നിറവേറുന്നത്. 13-ാം അദ്ധ്യായം നിറവേറുന്നതും ഇതേ കാലത്തു തന്നെ. ഈ കാലത്തെ സഭയുടെ സ്ഥിതി 17-ാം അദ്ധ്യായത്തിൽ കാണാം. ഈ ഏഴു വർഷക്കാലത്ത് ബാബിലോൺ നഗരം ഏതു വിധത്തിലായിരിക്കുമെന്നു 18-ാം അദ്ധ്യായം വിവരിക്കുന്നു. ഏഴു വർഷങ്ങൾ അവസാനിക്കുന്നതെങ്ങനെയെന്ന് 19-ാം അദ്ധ്യായത്തിൽ കാണാം. ഇങ്ങനെ പറഞ്ഞു പോയാൽ കാര്യം പിടി കിട്ടുകയില്ലെന്നറിയാം. പക്ഷേ വിശദമായി പറയാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. എങ്കിലും ഏതാനും വാചകങ്ങളിൽ ഈ സംഭവങ്ങൾ പറയാം.

ദൈവസഭ എടുക്കപ്പെട്ടശേഷമുള്ള ഏഴു വർഷം അന്തിക്രിസ്തു എന്ന പേരിൽ അറിയപ്പെടുന്ന എതിർക്രിസ്തുവിന്റെ ഭരണകാലമാണ്. പത്തു രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫെഡറേഷന്റെ പ്രസിഡന്റായിരിക്കും എതിർക്രിസ്തു എന്ന് അനുമാനിക്കാം. ഇയാളുടെ സഹായിയായി ഒരു ആത്മീയ നേതാവുണ്ടായിരിക്കും. ഇവർ രണ്ടുപേരുമാണ് വെളി.13ൽ കാണുന്ന മൃഗങ്ങൾ. ഇവർ യഹൂദൻമാരുമായും കത്തോലിക്കാ സഭയുമായും സമാധാനത്തിൽ കഴിയും. ഇവരുടെ ഭരണം സമാധാനത്തോടെ ആരംഭിക്കുമെങ്കിലും പിന്നീട് വലിയ യുദ്ധങ്ങളുണ്ടാകും. ഈ കാലത്താണ് വെളി.11:3-13ൽ കാണുന്ന സാക്ഷികൾ പ്രവചനം നടത്തുന്നത്. മൂന്നര വർഷം കഴിയുമ്പോൾ എതിർക്രിസ്തു യഹൂദരുമായി ശത്രുതയിലാകും. പിന്നീടുള്ള മൂന്നര വർഷക്കാലം യഹൂദന്റെ കഷ്ടകാലമായിരിക്കും. അവർ സ്വന്ത രാജ്യം വിട്ട് ഓടിപ്പോകേണ്ടതായി വരും. കത്തോലിക്കാ സഭയുമായും എതിർക്രിസ്തു ശത്രുതയിലാകും. അതു സഭയുടെ നാശത്തിനു വഴി വയ്ക്കും. (വെളി.17 വായിക്കുക)

എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ അവസാനത്തെ മൂന്നര വർഷക്കാലം യുദ്ധവും ക്ഷാമവും മറ്റു കഷ്ടതകളും നിറഞ്ഞതായിരിക്കും. ഏഴു വർഷം തികയുമ്പോൾ കർത്താവ് വിശുദ്ധരുമായി ഒലിവുമലയിൽ പ്രത്യക്ഷനാകും. എതിർക്രിസ്തു കർത്താവിനോടും യുദ്ധം ചെയ്യുമെങ്കിലും പരാജയപ്പെടും. അതെപ്പറ്റി യോഹന്നാൻ പറയുന്നത് ഇങ്ങനെയാണ്:

“കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗവും ഭൂരാജാക്കൻമാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു. മൃഗത്തെയും, അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും, അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു. അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു.” വെളി.19:19-21.

എതിർക്രിസ്തുവിന്റെ ഭരണകാലം കഴിയുമ്പോൾ എന്തു സംഭവിക്കും? ഡിഫെൻഡറിന്റെ വിശ്വാസം ഇതാണ്:

“ഏഴു വർഷത്തെ ഭരണം എതിർക്രിസ്തു പൂർത്തിയാക്കുമ്പോൾ അവനെ കർത്താവായ യേശുക്രിസ്തു തോല്പിക്കുകയും ആയിരം വർഷം നീണ്ടു നിൽക്കുന്ന ഒരു ഭരണം ആരംഭിക്കുകയും ചെയ്യും.”

ഇതെപ്പറ്റി യോഹന്നാൻ പറയുന്നത് ഇതാണ്: “അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കൈയിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടുകളിലേക്ക് ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിക്കുവാൻ അവനെ അഗാധത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ച് വിടേണ്ടതാകുന്നു. ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ട് ക്രിസ്തുവിനോട് കൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനഃരുത്ഥാനം. ഒന്നാമത്തെ പുനഃരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല; അവർ ദൈവജനത്തിനും ക്രിസ്തുവിനും പുരോഹിതൻമാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും.” വെളി. 20:1-6.

വ്യാഖ്യാനമോ വിശദീകരണമോ കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണിത്. സഹസ്രാബ്ദവാഴ്ച എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്ത് സാത്താൻ അഗാധകൂപത്തിൽ ആയിരിക്കും. അതുകൊണ്ട് മനുഷ്യരെ വഴിതെറ്റിക്കാൻ സാത്താനു കഴിയുന്നതല്ല. യുദ്ധമോ ക്ഷാമമോ ഉണ്ടായിരിക്കയില്ല. മരണം അപൂർവ്വമായിരിക്കും.

രക്ഷിക്കപ്പെട്ടവർ മാത്രമേ സഹസ്രാബ്ദകാലത്ത് ഉണ്ടായിരിക്കൂ എന്നൊരു ധാരണയുണ്ട്. അതു ശരിയല്ല. രക്ഷിക്കപ്പെട്ടവർ കർത്താവിനോടൊപ്പം ഭരണം നടത്തും. പക്ഷേ യഹൂദരും എതിർക്രിസ്തുവിന്റെ ഭരണകാലത്തു നശിച്ചു പോകാതെ രക്ഷപ്പെട്ട ലോകജാതികളും മറ്റും സഹസ്രാബ്ദകാലത്ത് ഉണ്ടായിരിക്കും.

സഹസ്രാബ്ദത്തിനു ശേഷം എന്തു സംഭവിക്കും? യോഹന്നാൻ പറയുന്നു:

“ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും. അവർ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിക്കുവാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്ന് വിശുദ്ധൻമാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്ത് നിന്ന് തീ ഇറങ്ങി അവരെ ദഹിപ്പിച്ചു കളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപകൽ ദണ്ഡനം സഹിക്കേണ്ടിവരും.” വെളി.20:7-10.

പിന്നീട് എന്താണു നടക്കുക? ഡിഫെൻഡറിന്റെ വിശ്വാസം ഇതാണ്: “സഹസ്രാബ്ദത്തിനു ശേഷം അന്ത്യ ന്യായവിധി നടക്കും. വെള്ളസിംഹാസനത്തിന്റെ മുൻപിൽ വച്ച് എല്ലാ പാപികളും ന്യായം വിധിക്കപ്പെടും. തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ പാപികൾ നിത്യത ചെലവഴിക്കേണ്ടതായി വരും. ഇത് രണ്ടാം മരണം എന്ന പേരിൽ അറിയപ്പെടുന്നു. സാത്താനും അവന്റെ ദൂതൻമാർക്കും ഇതേ ശിക്ഷ തന്നെയാണു ലഭിക്കുക.” യോഹന്നാൻ വെളിപ്പാടിൽ കണ്ടത് ഇതാണ്:

“ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.” വെളി. 20: 11-15. വ്യാഖ്യാനം കൂടാതെ കാര്യം മനസ്സിലാക്കാമല്ലോ.

അന്ത്യ ന്യായവിധിക്കുശേഷം എന്നാണു സംഭവിക്കുക എന്നതിനെ സംബന്ധിച്ചും ഡിഫെൻഡറിനു വ്യക്തമായ നിലപാടുണ്ട്: “അന്ത്യന്യായവിധിക്കുശേഷം പുതിയ യെരൂശലേം എന്ന നഗരം ഭൂമിയിലേക്ക് ഇറങ്ങിവരും. രക്ഷിക്കപ്പെട്ടവർ ദൈവത്തോടുകൂടി ഈ നഗരത്തിൽ വസിക്കും.” വെളി.21, 22 അദ്ധ്യായങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ കാണാവുന്നതാണ്.

പാദശുശ്രൂഷ ആവശ്യമുണ്ടോ എന്നൊരു ചോദ്യം സാധാരണയായി കേൾക്കാറുണ്ട്. അതിനു ഡിഫെൻഡർ നൽകുന്ന മറുപടി ഇതാണ്: “കർത്താവു കാണിച്ചു തന്ന മാതൃകയനുസരിച്ചു മറ്റുള്ളവരുടെ പാദം കഴുകുന്നത് അനുകരണീയമായ മാതൃകയാണെങ്കിലും ഇതു തിരുവത്താഴം പോലെ നിർബ്ബന്ധമായും ചെയ്യേണ്ടതല്ല.”

## ‘മരിച്ചവർ എവിടെ’ വില്പന തുടരുന്നു

“മരിച്ചവർ എവിടെ” എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9645077483**

## ഇതു പുസ്തകമാക്കും

ഡിഫെൻഡറിന്റെ വിശ്വാസപ്രമാണമാണ് 2010 മാർച്ച് 1 മുതൽ ഈ ലക്കം വരെ വിശദീകരിച്ചത്. പക്ഷേ വീണ്ടെടുക്കപ്പെട്ട ദൈവമക്കളെല്ലാം അറിഞ്ഞിരിക്കേണ്ട വിശ്വാസ സത്യങ്ങളാണിവ എന്നു വിശേഷിച്ചു പറയേണ്ടതില്ല. ഇത് ഒരു പുസ്തകമാക്കിയാൽ സുവിശേഷീകരണത്തിനു സഹായകമാകും എന്നു തീർച്ചയാണ്. അതുകൊണ്ട് അതിനുള്ള നടപടികൾ ആരംഭിക്കുകയാണ്.

പതിനായിരം കോപ്പിയെങ്കിലും അടിക്കണമെന്നാണ് ആഗ്രഹം. മരിച്ചവർ എവിടെ എന്ന പുസ്തകത്തിന് 160 പേജുണ്ടെങ്കിലും 30 രൂപ മാത്രമാണു വില വച്ചിരിക്കുന്നത്. അതുപോലെ ഈ പുസ്തകത്തിനും 30 രൂപയിൽ അധികം വില ഉണ്ടാകരുത്. കേരളത്തിലെ എല്ലാ വായനശാലകൾക്കും ഓരോ കോപ്പി സൗജന്യമായി അയച്ചു കൊടുക്കണമെന്നും ആഗ്രഹമുണ്ട്. ഈ പദ്ധതിയുമായി സഹകരിക്കാൻ താത്പര്യമുള്ളവർ ദയവായി വിവരമറിയിക്കുക.

# പാമല സഭയും കുറെ സംശയങ്ങളും

ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് എന്ന പാമല സഭയെക്കുറിച്ച് ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിരുന്നു. ഈ പ്രസ്ഥാനം ഒരു പ്രഹേളികയാണെന്നു പറഞ്ഞുകൊണ്ടാണ് ഡിഫെൻഡർ എഴുത്തു തുടങ്ങിയത്. ഇപ്പോഴും ഇതു തന്നെ പറയേണ്ടതായി വരുന്നു. ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച സപ്ലിമെന്റ് ദുരൂഹത വർദ്ധിപ്പിക്കുകയാണു ചെയ്തത്. അതുകൊണ്ട് ഡിഫെൻഡർ കൂടുതൽ അന്വേഷണം നടത്തി. അങ്ങനെ അഞ്ചു വെബ് പേജുകൾ കണ്ടെത്തി. അവയുടെ ലിങ്കുകൾ ഈ ലേഖനത്തിന്റെ അവസാന ഭാഗത്തു കൊടുത്തിരിക്കുന്നു. ഒന്നാമത്തെ ലിങ്ക് റോയി ദാനിയേൽ മാത്യുവിന്റെ സഭയുടെ വകയാണ്. ഈ ലേഖനം പുറത്തു വന്നശേഷം അതു നീക്കം ചെയ്യാനോ ഭേദഗതി വരുത്താനോ ഇടയുണ്ട്. ആകയാൽ ആ ലിങ്ക് ആദ്യമായി സന്ദർശിക്കുക. ഈ കോളത്തിന്റെ അവസാന ഭാഗത്തു കൊടുത്തിരിക്കുന്ന കാര്യങ്ങളാണ് ഈ ലിങ്കിൽ കാണുന്നത് എന്ന് ഉറപ്പാക്കുക. മറ്റു ലിങ്കുകൾ മാറ്റാൻ ഇടയില്ല.

ഇനി വിഷയത്തിലേക്കു കടക്കാം.

ചോദ്യം-1.

റോയി ബൈബിൾ കോളേജിൽ പഠിച്ചിട്ടുണ്ടോ?

സപ്ലിമെന്റ് പറയുന്നു:

സിങ്കപ്പൂരിലെ സിറ്റി മിഷൻ ചർച്ചിലെ ഇന്ത്യൻ വിഭാഗം ആരാധനയുടെ പാസ്റ്ററാകാമോ എന്ന് ആ സഭയുടെ പാസ്റ്റർ ചോദിക്കുന്നു. ''ചോദ്യം കേട്ടു ഞെട്ടിയ റോയ് താൻ പാസ്റ്ററല്ലെന്നും ബൈബിൾ കോളേജ് പഠനം നടത്തിയിട്ടില്ലെന്നും ആകപ്പാടെ പിതാവിന്റെ ശുശ്രൂഷ കണ്ടും അനുഭവിച്ചും ഉള്ള അറിവേ ഉള്ളൂ എന്നും തുറന്നു പറഞ്ഞു.''

ഇനി ലിങ്ക് 1ൽ നിന്ന് ഉദ്ധരിക്കാം:

For many years, Pastor Daniel Mathew encouraged Roy to preach, so he **completed his theological studies** from Kerala, but he always declined preferring to work behind the scene and after his studies he went for jobs in hospitality industry since his secular qualification was from hospitality industry.

ഇതിൽ ഏതാണു ശരി? റോയി പറയട്ടെ.

ചോദ്യം-2.

റോയി ഇന്ത്യയിൽ നടത്തിയ ബിസിനസ്സ് വിജയമായിരുന്നോ അതോ പരാജയമായിരുന്നോ?

ഹാലേലൂയ്യാ സപ്ലിമെന്റ് പറയുന്നത്:

''ഹോട്ടൽ മാനേജ്മെന്റ് ബിരുദവുമായി



ദാനിയേൽ മാത്യു

ബാംഗ്ലൂരിൽ എത്തുമ്പോൾ നല്ലൊരു ബിസിനസ്സുകാരനാകണമെന്ന ആഗ്രഹമായിരുന്നു മനസ്സിൽ. എഡ്യൂക്കേഷൻ കൺസൾട്ടന്റ് ആയി ബിസിനസ്സ് തുടങ്ങി. സിംഗപ്പൂരിലെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിച്ചു. ആർക്കും നിഷ്പ്രയാസം വിജയിക്കാവുന്ന മേഖലയിൽ റോയി വൻപരാജയമായി. ഞൊടിയിടയിൽ ഒരു കോടിയിലധികം രൂപയുടെ കടക്കാരനായി മാറി.''

പക്ഷേ ലിങ്ക് 1ൽ പറയുന്നത് ഇതല്ല.

........after his studies he went for jobs in hospitality industry since his secular qualification was from hospitality industry. Later he started a business on his own which was very successful.

ബിസിനസ്സ് പരാജയമായിരുന്നെന്നും ഒരു കോടിയോളം രൂപ കടമുണ്ടായെന്നും മലയാളത്തിൽ പറയുന്നു. പക്ഷേ ബിസിനസ്സ് വലിയ വിജയമായിരുന്നെന്ന് ഇംഗ്ലീഷിൽ പറയുന്നു. ഏതാണു ശരി?

ചോദ്യം-3.

റോയി സിങ്കപ്പൂരിലേക്കു പോയതെന്തിന്?

ഹാലേലൂയ്യായിൽ പറയുന്നത്:

''മുൻപരിചയമുള്ള ഒരു ബിസിനസ്സുകാരൻ റോയിയെ വിളിച്ച് തന്നോടൊപ്പം സിങ്കപ്പൂരിലേക്കു ചെല്ലാമോ എന്നു ചോദിച്ചു.'' അങ്ങനെയാണു റോയി സിങ്കപ്പൂരിലേക്കു പോകാൻ ഇടയായത്.

ലിങ്ക് 1ൽ പറയുന്നത്:

One day while he was praying he was deeply burdened for the lost souls in an



റോയി ദാനിയേൽ മാത്യു

island country. At first he could not understand which country this was. Later he realized that the country was Singapore. His drive was so intense that he moved to Singapore though he didn't know any single person there .

ചോദ്യം-4.

റോയിക്ക് സിങ്കപ്പൂരിൽ മുൻപരിചയമുണ്ടായിരുന്നോ?

ഹാലേലൂയ്യാ പറയുന്നു:

സിങ്കപ്പൂരിൽ മുൻപരിചയമുള്ള റോയിയെ കൂടെ കൊണ്ടുപോയാൽ കാര്യങ്ങൾ എളുപ്പമാകുമെന്ന ചിന്തയിലാണ് ബിസിനസ്സുകാരൻ റോയിയെ വിളിച്ചത്.

ലിങ്ക് 1 പറയുന്നു:

His drive was so intense that he moved to Singapore though he didn't know any single person there.

ചോദ്യം-5.

സിങ്കപ്പൂരിലേക്കു പോകുന്നതിനു മുമ്പ് റോയി എന്തു ചെയ്യുകയായിരുന്നു?

ഹാലേലൂയ്യായിലുള്ളത്:

ബിസിനസ്സ് തകർന്ന് ഒരു കോടിയോളം രൂപ കടവുമായി കഴിയുകയായിരുന്നു.

ലിങ്ക് 1ൽ പറയുന്നത്.

Later he started a business on his own which was very successful. One day he had a vision for the lost souls. So he decided to dedicate himself for full time ministry to serve the lord . He fasted and prayed to be guided for God's plan. He decided to move to the tribal areas of north India especially Orissa where Gospel has not reached and people living in utter poverty and ignorance. God did mighty things in Orissa through him.

ചോദ്യം-6.

സിങ്കപ്പൂരിലേക്കു പോകുന്നതിനു മുമ്പ് റോയി ആത്മീയ ശുശ്രൂഷകൾ ചെയ്തിരുന്നോ?

ഹാലേലൂയ്യായിൽ കാണുന്നത്:

സിങ്കപ്പൂരിലെ സിറ്റി മിഷൻ ചർച്ചിലെ ഇന്ത്യൻ വിഭാഗം ആരാധനയുടെ പാസ്റ്ററാകാമോ എന്ന് ആ സഭയുടെ പാസ്റ്റർ ചോദിക്കുന്നു. ''ചോദ്യം കേട്ടു ഞെട്ടിയ റോയ് താൻ പാസ്റ്ററല്ലെന്നും ബൈബിൾ കോളേജ് പഠനം നടത്തിയിട്ടില്ലെന്നും ആകപ്പാടെ പിതാവിന്റെ ശുശ്രൂഷ കണ്ടും അനുഭവിച്ചും ഉള്ള അറിവേ ഉള്ളൂ എന്നും തുറന്നു പറഞ്ഞു.''

ലിങ്ക് 1ൽ പറയുന്നത്:

He decided to move to the tribal areas of north India especially Orissa where Gospel has not reached and people living in utter poverty and ignorance. God did mighty things in Orissa through him.

ലിങ്ക് 5ൽ പറയുന്നതിങ്ങനെ:

He was already experiencing something of the reality of God's call to him when the small business he started was 'destroyed', he believes, by God. That night, Roy got on his knees before God, and surrendered his life completely to Him, to do whatever He wanted, and to go wherever He wanted. Since then, the young man began to prepare himself for fulltime ministry as a pastor by praying and reading and studying the Bible. After one year, his life was changed. He began to preach alongside his father, and saw miracles take place in people's lives through the Word of God.

ലിങ്ക് 3 പറയുന്നതു ശരിയാണെങ്കിൽ 2003ൽ റോയി ഒറീസ്സയിൽ 3000 യോഗങ്ങൾ നടത്തുകയും സുവിശേഷവിരോധികളുടെ അടി കൊള്ളുകയും ചെയ്തു.

Pastor Mathew himself, who had conducted more than 3,000 outdoor meetings, was nearly beaten in 2003, and told not to return for one or two years at that time.

ലിങ്ക് 4ൽ ഇങ്ങനെ പറയുന്നു:

Only 22, when he planted a network of 47 churches across Orissa, India, with 53 fulltime workers, the 30-year old pastor also shared a stirring testimony of how the Lord had turned him from a fearful young boy to a courageous witness for God.

റോയിക്ക് 22 വയസ്സുള്ളപ്പോൾ (അതായത് പത്തു കൊല്ലത്തിലധികം മുമ്പ്) ഒറീസ്സയിൽ 47 സഭകൾ സ്ഥാപിക്കുകയും 53 പാസ്റ്റർമാരുള്ള മിനിസ്ട്രിക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

ഈ പറഞ്ഞതിൽ ഏതാണു സത്യം? എല്ലാം ഒന്നുപോലെ സത്യമാകാൻ പറ്റില്ലല്ലോ.

ചോദ്യം-7.

ഹാലേലൂയ്യായിലെ സപ്ലിമെന്റിൽ റോയിയുടെ കദനകഥ വിശദമായി പറഞ്ഞെങ്കിലും ഒറീസ്സയിൽ പോയതോ അനുബന്ധ വിഷയങ്ങളോ സൂചിപ്പിക്കുക പോലും ചെയ്തിട്ടില്ല. എന്തുകൊണ്ട്?

ഇങ്ങനെ ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ അനവധിയുണ്ട്. ഇവയ്ക്കൊന്നും റോയി ഉത്തരം പറയുമെന്നു കരുതിയല്ല ചോദിച്ചത്. പൊതുജനം സത്യം അറിയണം. പാമലസഭയുടെ അടിസ്ഥാനം പണമാണ്. ഇവർ പറയുന്ന സാക്ഷ്യം കള്ള സാക്ഷ്യമാണ്. പണക്കൊതിയൻമാർ ഈ പ്രസ്ഥാനത്തിന്റെ പിന്നാലെ പോകട്ടെ. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ മാമ്മോന്റെ ചതിയിൽ അകപ്പെടരുത്.

ദാനിയേൽ മാത്യു ഒരുകാലത്ത് പാക്കിൽ ചർച്ച് ഓഫ് ഗോഡിലെ പാസ്റ്ററായിരുന്നു. പിന്നീട് ഐ.പി.സിയിൽ പാസ്റ്ററായി. ഏതാനും വർഷം മുൻപ് പാസ്റ്ററല്ലാതായി. മറ്റു പോംവഴി ഇല്ലാതായപ്പോൾ തിരുവല്ല-ആമല്ലൂരിൽ കെ.പി.കുര്യന്റെ സഭയിലെ വിശ്വാസി മാത്രമായി. അക്കാലത്ത് സഭാനേതാക്കൻമാർ ഇടത്തെ കണ്ണിന്റെ കോണുകൊണ്ടുപോലും ദാനിയേൽ മാത്യുവിനെ തിരിഞ്ഞു നോക്കിയില്ല. പക്ഷേ ദാനിയേൽ മാത്യുവിന്റെ കൈവശം പണമുണ്ടെന്നു മനസ്സിലായതോടെ പെന്തക്കോസ്തിലെ ചെറിയവരും വലിയവരും ദാനിയേൽ മാത്യുവിനെ ഒരുനോക്കു കാണാൻ ക്യൂ നിൽക്കുകയാണ്. പെന്തക്കോസ്ത് ഇത്ര അധ:പതിച്ചു പോയല്ലോ!

1. http://www.singaporemalayalamchurch.com/pastor.html
2. http://sg.christianpost.com/dbase/missions/1664/section/1.htm
3. http://sg.christianpost.com/dbase/missions/1506/section/1.htm
4. http://sg.christianpost.com/dbase/missions/1505/section/1.htm
5. http://global-south.blogspot.com/2009_09_01_archive.html
6. ഹാലേലൂയ്യാ ദ്വൈവാരിക - ഡിസംബർ 1, പേജ് - 9.

## വെടി.... ഉണ്ടയില്ലാത്ത വെടി

**http://www.singaporemalayalamchurch.com/pastor.html**

Pastor Roy Daniel Mathew hails from a family of missionaries,his father and grand parents being missionaries. Pastor Roy was born as the elder son of pastor Daniel Mathew and Moly Daniel. Pastor Daniel ,who is the founder president of Faith Leaders Ministry in India has been in the ministry of the Lord for 35 years.

For many years, Pastor Daniel Mathew encouraged Roy to preach, so he completed his theological studies from Kerala, but he always declined preferring to work behind the scene and after his studies he went for jobs in hospitality industry since his secular qualification was from hospitality industry. Later he started a business on his own which was very successful.

One day he had a vision for the lost souls. So he decided to dedicate himself for full time ministry to serve the lord . He fasted and prayed to be guided for God's plan. He decided to move to the tribal areas of north India especially Orissa where Gospel has not reached and people living in utter poverty and ignorance. God did mighty things in Orissa through him. One day while he was praying he was deeply burdened for the lost souls in an island country. At first he could not understand which country this was .Later he realized that the country was Singapore. His drive was so intense that he moved to Singapore though he didn't know any single person there. Pastor Roy was guided by the Holy spirit to go to City Missions Church which he had never heard of. He was warmly welcomed by the leaders of City Missions Church as they were praying for an Indian ministry to be started since 7 years .Eventually he was officially ordained as the pastor for Indian church on January 2009.

# ആഴ്ചകളും മാസങ്ങളും വർഷങ്ങളും

മനോരമയുടെ ഡിസംബർ 29 ലക്കത്തിൽ കണ്ട ഒരു വാർത്ത ഇങ്ങനെ:

''സ്വർഗ്ഗീയ വിരുന്ന്

ആത്മീയ സംഗമം

കോട്ടയം: സ്വർഗ്ഗീയ വിരുന്നിന്റെ നേതൃത്വത്തിൽ വർഷാവസാന–പുതുവർഷ ആത്മീയ സംഗമവും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും പുനർസമർപ്പണവും 31നു നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിൽ നടത്തും. വൈകിട്ട് 5.30ന് ആത്മീയ സംഗമം കേന്ദ്രമന്ത്രി വയലാർ രവി ഉദ്ഘാടനം ചെയ്യും. ചെയർമാൻ ഡോ. മാത്യു കുരുവിള അധ്യക്ഷത വഹിക്കും. 100 സൗജന്യ ഭവനം പദ്ധതിയിലെ ആദ്യ വീടുകളുടെ താക്കോൽദാനം മന്ത്രി കോടിയേരി ബാലകൃഷ്ണനും വചനപ്രഘോഷണ ടിവി പരിപാടിയുടെ സ്വിച്ച് ഓൺ കർമ്മം പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിയും നിർവ്വഹിക്കും. ദത്തെടുത്ത നിർദ്ധനരായ വിദ്യാർത്ഥികളുടെ പുനർസമർപ്പണം കെപിസിസി പ്രസിഡന്റ് രമേശ് ചെന്നിത്തലയും വിശക്കുന്നവർക്ക് ആഹാരം പദ്ധതിയുടെ പുനർസമർപ്പണം കേരളാ കോൺഗ്രസ് ചെയർമാൻ കെ.എം.മാണിയും സ്റ്റുഡിയോയുടെ ഉദ്ഘാടനം പ്രഫ.പി.ജെ.കുര്യൻ എം.പിയും നിർവ്വഹിക്കും. ബിജെപി സംസ്ഥാന പ്രസിഡന്റ് വി.മുരളീധരൻ സ്വർഗ്ഗീയവിരുന്ന് മാസിക പ്രകാശനം ചെയ്യും. ഡോ. മാത്യു കുരുവിള രചിച്ച കവിഞ്ഞൊഴുകുന്ന അനുഗ്രഹത്തിലേക്ക് എന്ന ഗ്രന്ഥം മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് പ്രകാശനം ചെയ്യും. എം.പിമാരായ ജോസ് കെ.മാണി, ആന്റോ ആന്റണി, കേരള ഇമാം കൗൺസിൽ ചെയർമാൻ മുഹമ്മദ് നദ്വീർ മൗലവി എന്നിവർ പ്രഭാഷണം നടത്തും.''

സ്വർഗ്ഗീയ വിരുന്ന് എന്നതു പെന്തക്കോസ്ത് സഭയാണെന്ന് പലരും തെറ്റിദ്ധരിക്കാറുണ്ടെങ്കിലും സത്യം അതല്ല. ബൈബിളിലെ ചില കാര്യങ്ങളൊക്കെ പറയുകയും തങ്കു എന്ന മനുഷ്യ ദൈവത്തിന്റെ വചനങ്ങൾക്കനുസരിച്ച് ആടിപ്പാടുകയും ചെയ്യുന്ന ഒരു ജനക്കൂട്ടമാണ് സ്വർഗ്ഗീയ വിരുന്ന്. അവിടെ വീണ്ടും ജനനത്തിന്റെ ഉപദേശമില്ല. യേശുവിൽ വിശ്വസിച്ചാൽ ഭൗതീക അനുഗ്രഹങ്ങൾ നേടാം എന്നതാണ് ഇവരുടെ പ്രധാന പ്രസംഗവിഷയം. അങ്ങനെയുള്ളവർ രക്ഷിക്കപ്പെടാത്തവരുമായി സഹകരിച്ചു പ്രവർത്തിക്കുന്നത് തെറ്റാണെന്നു പറയാനാവില്ല.

വിശുദ്ധിയുടെയും വേർപാടിന്റെയും ഉപദേശം പ്രസംഗിക്കുന്ന സാക്ഷാൽ പെന്തക്കോസ്തുകാർ പോലും രക്ഷിക്കപ്പെടാത്തവരെ വിളിച്ചു വരുത്തി പ്രസംഗിപ്പിക്കാറുണ്ട്. ഈ പ്രവണത അനുദിനം വർദ്ധിച്ചു വരുകയുമാണ്. പെന്തക്കോസ്തിൽ ഉണ്ടായിരിക്കുന്ന ആത്മീയ അധഃപതനത്തിന്റെ ഫലമാണ് ഇതൊക്കെ.

ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയവ അന്യദൈവാരാധനയുമായി ബന്ധമുള്ള ആഘോഷങ്ങളാണ് എന്ന നിലപാടായിരുന്നു പെന്തക്കോസ്തർക്ക് അടുത്ത കാലം വരെ ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഈ ചിന്താഗതിക്കും മാറ്റം വന്നിരിക്കുന്നു. ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും ആഘോഷിക്കുന്ന പെന്തക്കോസ്തുകാരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുകയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ ഏറ്റവും വലിയ നേതാവായ കെ.സി.ജോണിന്റെ ചാനലിൽ ഡിസംബർ ഒന്നാം തീയതി തന്നെ ക്രിസ്തുമസ്സ് ആഘോഷം തുടങ്ങി. ഈ കുറിപ്പ് തയ്യാറാക്കുമ്പോഴും ആഘോഷം പൊടിപൊടിക്കയാണ്. രക്ഷിക്കപ്പെടുക എന്നൊരു ഉപദേശം പോലുമില്ലാത്ത സഭകളിലെ അച്ചൻമാരും അനുയായികളുമാണ് പ്രോഗ്രാം അവതരിപ്പിക്കുന്നത്. ആരും ഈ തിൻമയ്ക്കെതിരെ പ്രതികരിക്കാൻ ധൈര്യം കാണിക്കുന്നുമില്ല. ക്രിസ്തുമസ്സ് ആഘോഷിക്കാത്തവർ പോലും പുതുവർഷപ്പിറവി ആഘോഷിക്കാറുണ്ട്. അതു പെന്തക്കോസ്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.

ക്രിസ്തുവർഷം എന്നു പേരുള്ളതുകൊണ്ട് മിക്കവരും ഗ്രിഗോറിയൻ കലണ്ടർ ദൈവീകമായി പരിഗണിക്കുന്നു. കർത്താവായ യേശുക്രിസ്തു ജനിച്ച ദിവസം മുതലാണ് ക്രിസ്തുവർഷം കണക്കാക്കുന്നത് എന്നു ധരിച്ചു വച്ചിരിക്കുന്നവരുമുണ്ട്. പക്ഷേ ഇതെല്ലാം തെറ്റിദ്ധാരണകളാണ്. നമുക്കു കാലം കണക്കു കൂട്ടാൻ ഒരു കലണ്ടർ വേണം. എ.ഡി. 1582ൽ പോപ്പ് ഗ്രിഗറി 13-ാമൻ അംഗീകരിച്ച ഗ്രിഗോറിയൻ കലണ്ടറാണ് ഭൂരിപക്ഷം രാജ്യങ്ങളിലും ഇപ്പോൾ ഉപയോഗിക്കുന്നത്. അതുകൊണ്ട് നമുക്കും അത് ഉപയോഗിക്കാം. അതിൽ കവിഞ്ഞ ഒരു ആത്മീയ പ്രാധാന്യവും ഈ കലണ്ടറിനില്ല.

ക്രിസ്തുവർഷം എന്ന പേരിൽ അറിയപ്പെടുന്ന ഗ്രിഗോറിയൻ കലണ്ടറിന് ക്രിസ്തുവിനോടുള്ളതിലധികം ബന്ധം ജാതീയ ദേവൻമാരോടാണ് എന്ന വസ്തുതയും ശ്രദ്ധേയമാണ്. 12 മാസങ്ങളുടെ പേരുകൾ തന്നെ നല്ല ഉദാഹരണം:

ജനുവരി – ജാനൂസ് ദേവന്റെ പേരിൽ നിന്നാണ് ജനുവരി എന്ന പേരുണ്ടായത്.

ഫെബ്രുവരി – ജാതികളുടെ ശുദ്ധീകരണ ഉത്സവമായ ഫെബ്രുവയിൽ നിന്നാണ് ഫെബ്രുവരിക്ക് ആ പേരു കിട്ടിയത്.

മാർച്ച് – മാഴ്സ് ദേവനെ ബഹുമാനിക്കാനാണ് മൂന്നാമത്തെ മാസത്തെ മാർച്ച് എന്നു വിളിച്ചത്.

ഏപ്രിൽ – രതിദേവിയായ അഫ്രോഡൈറ്റിന്റെ പേരിൽ നിന്നാണ് ഏപ്രിൽ ഉണ്ടായത്.

മെയ് – മായിയ ദേവിയുടെ പേരിൽ നിന്നു മെയ് ഉണ്ടായി.

ജൂൺ – ജൂണോ ദേവിയുടെ ബഹുമാനാർത്ഥമാണ് ആറാം മാസത്തെ ജൂൺ എന്നു വിളിച്ചത്.

ജൂലൈ – റോമൻ ചക്രവർത്തിയായിരുന്ന ജൂലിയസ് സീസറിന്റെ പേരിൽ നിന്നാണ് ജൂലൈ ഉണ്ടായത്.

ആഗസ്റ്റ് – റോമൻ ചക്രവർത്തിയായിരുന്ന അഗസ്റ്റസിൽ നിന്നാണ് ആഗസ്റ്റ് എന്ന പേരുണ്ടായത്.

സെപ്റ്റംബർ – റോമൻ കലണ്ടറിൽ ഇത് ഏഴാം മാസമായിരുന്നു. അതുകൊണ്ട് സെപ്റ്റം എന്ന വാക്കിൽ നിന്ന് ഈ പേരുകിട്ടി.

ഒക്ടോബർ – ഒക്ടോ എന്നാൽ എട്ട്. റോമൻ കലണ്ടറിൽ ഇത് എട്ടാം മാസമായിരുന്നു.

നവംബർ – നവം ഒൻപതാണ്. റോമാക്കാൻ അവരുടെ ഒൻപതാമത്തെ മാസത്തെ നവംബർ എന്നു വിളിച്ചു.

ഡിസംബർ – ഡിസം (ദശം) പത്താണെന്ന് അറിയാമല്ലോ. ഇതു റോമാക്കാരുടെ പത്താം മാസമാണ്.

ഇനി പറയൂ, ക്രിസ്തുവർഷത്തിലെ മാസങ്ങൾക്കു ക്രിസ്തുവുമായി എന്തെങ്കിലും ബന്ധമുണ്ടോ?

ദൈവം ആറു ദിവസം കൊണ്ട് എല്ലാം സൃഷ്ടിക്കുകയും ഏഴാം ദിവസം സ്വസ്ഥനായിരിക്കയും ചെയ്തു. അതുകൊണ്ട് ഏഴു ദിവസമുള്ള ആഴ്ചയ്ക്ക് ദൈവവചനത്തിൽ അടിസ്ഥാനമുണ്ട്. പക്ഷേ ആഴ്ചകൾക്കു നൽകിയിരിക്കുന്ന പേരുകൾക്ക് ആത്മീയതയുമായി ബന്ധമില്ല.

ഞായർ (Sunday) സൂര്യദേവന്റെ ദിവസമാണ്.

തിങ്കൾ (Monday) ചന്ദ്രദേവനാണ്.

ചൊവ്വ (Mars)ഒരു ഗ്രഹമാണ്.

ബുധൻ (Mercury) ഗ്രഹമാണെന്നറിയാത്തവർ ഉണ്ടാകില്ല.

വ്യാഴം (Jupiter) എന്നത് ഏറ്റവും വലിയ ഗ്രഹമാണ്.

വെള്ളി (Venus) ശുക്രനാണ്.

ശനിയും (Saturn) ഗ്രഹം തന്നെ.

ഇവയിൽ സൂര്യൻ നക്ഷത്രവും ചന്ദ്രൻ ഉപഗ്രഹവുമാണ്. ബാക്കിയുള്ളവ ഗ്രഹങ്ങളും. ഇവ ഏഴും ദേവൻമാരുമാണ്. ഇവയ്ക്കൊന്നും ക്രിസ്തീയ വിശ്വാസവുമായി ബന്ധമില്ല.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്റ്റ്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വെർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys

script infow@ys
Your Web Partner
Ernakulam

Phone: 0484-2592312. Mob: 9539378757

Email: works@scriptinfoways.com

# തോമസ്കുട്ടിയും പാസ്റ്ററാണ്, ചീഫ് എഡിറ്ററുമാണ്

തോമസ്കുട്ടിയെ ഡിഫെൻഡറിന്റെ വായനക്കാർക്കു പരിചയപ്പെടുത്തേണ്ടതില്ല. കക്ഷി ഡിഫെൻഡറിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. ആദ്യ കാലങ്ങളിൽ കെ.പി.തോമസ്കുട്ടി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ വിദ്വാൻ ഇപ്പോൾ തോമസ്കുട്ടി പുന്നൂസ് എന്ന പേര് സ്വീകരിച്ചിരിക്കുകയാണ്. (കാരണം വ്യക്തമല്ല.)

തോമസ്കുട്ടി പാസ്റ്ററാണോ? അതെ. ഏതു സഭയുടെ പാസ്റ്ററാണ്? അങ്ങനെയൊന്നുമില്ല..... ഇടയനില്ലാത്ത ആടുകൾ എന്നു കേട്ടിട്ടില്ലേ? അതിന്റെ ഒരു വകഭേദം: ആടുകളില്ലാത്ത ഇടയൻ. അതിന് തോമസ്കുട്ടിയെ പഴി പറഞ്ഞിട്ടു കാര്യമില്ല. കാരണം ഇടയൻ മുമ്പിൽ നടക്കും. ആടുകൾ പിന്നാലെ ചെല്ലും. ഇതാണു രീതി. തോമസ്കുട്ടി നടക്കുന്നുണ്ട്. പക്ഷേ ആടുകൾ പിന്നാലെ ചെല്ലുന്നില്ല എന്നു മാത്രം. ആടുകൾ ഇങ്ങനെയൊക്കെ ചെയ്യാൻ തുടങ്ങിയാൽ തോമസ്കുട്ടിയെപ്പോലുള്ള ഇടയൻമാർ കുഴഞ്ഞതുതന്നെ.

തോമസ്കുട്ടി എഡിറ്ററാണോ? ആതുമാണേ.... വെറും എഡിറ്ററല്ല ചീപ്പ്... സോറി, ചീഫ് എഡിറ്ററാണ്. എഡിറ്റിംഗ് എന്നാൽ എന്ത്? അതൊന്നും അറിഞ്ഞുകൂടാ. എങ്കിലും തോമസ്കുട്ടി പത്രമിറക്കുന്നുണ്ട്.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ തോമസ്കുട്ടിയെ പരിചയപ്പെടുന്നത് പത്തു വർഷത്തോളം മുമ്പായിരുന്നു. ഹോസ്പിറ്റൽ മിനിസ്ട്രി എന്നൊരു പരിപാടി അക്കാലത്ത് ഈ ചങ്ങാതിക്കുണ്ടായിരുന്നു. യഥാർത്ഥ ഹോസ്പിറ്റൽ മിനിസ്ട്രി വേറെ ഉണ്ടെന്നും തോമസ്കുട്ടിയുടെ മിനിസ്ട്രി ഡ്യൂപ്ലിക്കേറ്റാണെന്നും പിന്നീടാണു മനസ്സിലായത്. തോമസ് കുട്ടിയെ ആരോ തല്ലി എന്നൊരു വാർത്തയും ആ കാലത്തു കേട്ടു.

വചനഘോഷണം എന്നൊരു പത്രവുമായാണ് ഞാൻ പിന്നീടു തോമസ്കുട്ടിയെ കാണുന്നത്. ഏതെങ്കിലും നേതാവിനെയോ പണക്കാരനെയോ ഇന്റർവ്യൂ ചെയ്ത് പ്രസിദ്ധീകരിക്കുകയായിരുന്നു പരിപാടി. ഏതു കൂട്ടക്ഷര വൈരിക്കും പത്രം നടത്താം എന്നതാണ് പെന്തക്കോസ്തിലെ സ്ഥിതി. അങ്ങനെ തോമസ്കുട്ടിയും പത്രം നടത്തി വരുന്നു.

ഏറെ താമസിയാതെ തോമസ്കുട്ടിയുടെ പത്രം പുരോഗമിച്ചു. ഒരു വെളുത്ത സായിപ്പും ഒരു കറുത്ത സായിപ്പും സ്ഥിരം എഴുത്തുകാരായി. ഇവരിൽ നിന്ന് നല്ലൊരു തുക മാസം തോറും തോമസ്കുട്ടിക്കു കിട്ടുന്നുണ്ട് എന്നു പിന്നീടു മനസ്സിലായി.

ഏതു പണക്കാരനെ കണ്ടാലും തോമസ്കുട്ടി അടുത്തുകൂടും. ഒരു അഭിമുഖം, അല്ലെങ്കിൽ ഒരു ലേഖനം, അല്ലെങ്കിൽ ഒരു പരസ്യം, അങ്ങനെ എന്തെങ്കിലും ഒപ്പിക്കും. പത്രപ്രവർത്തകർ എന്തൊക്കെ ചെയ്യരുതോ അതൊക്കെ തോമസ്കുട്ടി ചെയ്യും. പത്രം എന്തായിരിക്കരുതോ അതാണു വചനഘോഷണം.

പത്രപ്രവർത്തനത്തെ പണത്തിനായി വ്യഭിചരിക്കുന്നതു കണ്ടപ്പോൾ ഞാൻ പ്രതികരിച്ചു. മാത്രമല്ല, നിയമവിരുദ്ധമായി പ്രസിദ്ധീകരിക്കുന്ന ഈ പത്രം പൂട്ടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. അങ്ങനെ തോമസ്കുട്ടിയുടെ പത്രം പൂട്ടി. അതു കഴിഞ്ഞ് വീണ്ടും ആരംഭിച്ചതാണ് ഇപ്പോഴുള്ള വചനഘോഷണം.

റ്റി.എസ്.ബാലന്റെ വിമർശനത്തിനു വിധേയനാകുന്ന തോമസ്കുട്ടിയെ സഹായിക്കേണ്ടത് കെ.സി.ജോണിന്റെ കടമയാണല്ലോ. അതുകൊണ്ട് കെ.സി. ജോൺ തോമസ്കുട്ടിയെ സഹായിക്കാൻ തീരുമാനിച്ചു. പക്ഷേ എങ്ങനെ സഹായിക്കും? തോമസ്കുട്ടിക്ക് വിദ്യാഭ്യാസവും വിവരവും വളരെ കുറവ്. വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടുപിടിച്ചു. ചവർ ചാനലിലെ ഗസ്റ്റ്റൂം എന്ന പരിപാടി നടത്താൻ ഏല്പിക്കാം. ഏതെങ്കിലും പൊങ്ങപ്പോഴനെ കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ചോദിക്കും. പോഴൻ ഉത്തരം പറയും. ഇതു ചെയ്യാൻ വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്നില്ല. അങ്ങനെ തോമസ്കുട്ടി കെ.സി.ജോണിന്റെ ഗസ്റ്റ്റൂമിലായി.



അതോടെ തോമസ്കുട്ടി സ്വയം മറന്നു. താൻ അത്യുന്നതങ്ങളിൽ എത്തിക്കഴിഞ്ഞു എന്ന ഭാവത്തിലായി നടപ്പും എടുപ്പും. മലയാളത്തിലെ സകല ചാനലുകളെയും നിഷ്പ്രഭമാക്കിക്കൊണ്ട് പവ്വർ വിഷൻ മുന്നേറുന്നു എന്നുവരെ സ്വന്തം പത്രത്തിൽ അടിച്ചുവിട്ടു. ഏറ്റവും കുറച്ച് ആളുകൾ കാണുന്ന മലയാളം ചാനൽ ഏത് എന്ന ചോദ്യത്തിന് അന്നും ഇന്നും ഒരുത്തരമേയുള്ളൂ: പവ്വർ വിഷൻ. പക്ഷേ ഇതൊന്നും തോമസ്കുട്ടിക്കു പ്രശ്നമല്ല.

പണം കൊടുക്കുന്നവർക്കുവേണ്ടി എന്തും എഴുതാൻ തോമസ്കുട്ടിക്കു മടിയില്ല. റ്റി.എസ്.ബാലനെ അവഹേളിക്കുന്ന ഒരു സപ്ലിമെന്റ് കഴിഞ്ഞ കൊല്ലം തോമസ്കുട്ടി പ്രസിദ്ധീകരിക്കാൻ ഇടയായത് അങ്ങനെയാണ്. കെ.എ.ഏബ്രഹാമായിരുന്നു പണം മുടക്കിയത്. പക്ഷേ കളി കാര്യമായി. റ്റി.എസ്.ബാലൻ മാനനഷ്ടക്കേസ്സ് കൊടുത്തു. അപ്പോഴാണ് തോമസ്കുട്ടിക്കു സുബോധമുണ്ടായത്. എങ്ങനെയെങ്കിലും ഒത്തു തീർപ്പുണ്ടാക്കാനായി പിന്നീടുള്ള ശ്രമം.ഒടുവിൽ കക്ഷി പെരുമ്പാവൂരെത്തി. റ്റി.എസ്.ബാലന്റെ പാസ്റ്റർ, സഭയുടെ സെക്രട്ടറി എന്നിവരുടെ മുമ്പിൽ വച്ച് ക്ഷമാപണക്കുറിപ്പ് എഴുതി നൽകി. റ്റി.എസ്.ബാലനെ കാണാൻ ശ്രമിച്ചെങ്കിലും ബാലൻ അതിനു തയ്യാറായതുമില്ല. ഈ കുറിപ്പ് ഡിഫെൻഡറിന്റെ 2010 ജൂൺ 16 ലക്കത്തിൽ പ്രസിദ്ധീകരിച്ചു. തോമസ്കുട്ടിയുടെ പത്രത്തിന്റെ ജൂലൈ ലക്കത്തിലും ഈ ക്ഷമാപണക്കുറിപ്പ് ഉണ്ടായിരുന്നു. പക്ഷേ തോമസ്കുട്ടിക്ക് അക്ഷരാഭ്യാസം കമ്മിയായതുകൊണ്ട് കുറിപ്പ് കുറുപ്പായെന്നു മാത്രം.

ബാലനെതിരെ പോരാടുന്നതിനുള്ള പ്രതിഫലം എന്ന നിലയ്ക്കാണല്ലോ കെ.സി. ജോൺ തോമസ്കുട്ടിക്ക് ഗസ്റ്റ്റൂം പരിപാടി അവതരിപ്പിക്കാൻ അവസരം നൽകിയത്. തോമസ്കുട്ടി ബാലനോടു ക്ഷമ പറഞ്ഞു എന്നു കണ്ടതോടെ കെ.സി. ജോൺ തോമസ്കുട്ടിയെ ഗസ്റ്റ്റൂമിൽ നിന്ന് ഔട്ടാക്കി.

പിന്നീട് ഗസ്റ്റ്റൂം നടത്തി വരുന്നത് മോനായിയും റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തുന്ന മറ്റൊരാളുമാണ്. ഇതു തോമസ്കുട്ടിക്കു സഹിക്കാൻ കഴിഞ്ഞില്ല. എങ്ങനെയെങ്കിലും ഇവരെ പുറത്താക്കി ഗസ്റ്റ്റൂം തിരിച്ചു പിടിക്കണം എന്നു തോമസ്കുട്ടി നിശ്ചയിച്ചു.

കെ.സി.ജോൺ, റിയൽ എസ്റ്റേറ്റുകാരൻ, മോനായി എന്നിവരെ അവഹേളിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കയാണു തോമസ്കുട്ടി ആദ്യം ചെയ്തത്. കെ.സി.ജോൺ പിതാവിനെപ്പോലെയാണെന്നും കെ.സി.ജോണിനെതിരെ എഴുതുന്നവരെ ഭസ്മമാക്കിക്കളയുമെന്നും മറ്റും ഇപ്പോൾ പറയുന്ന തോമസ്കുട്ടി വചനഘോഷണത്തിന്റെ സെപ്തംബർ ലക്കത്തിൽ ''ഐ.പി.സിയിൽ സമാന്തര പ്രവർത്തനം നടത്തുന്നവർ അധികാരം ഒഴിയണം: വിശ്വാസികൾ'' എന്ന തലക്കെട്ടിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചു. ഈ വാർത്തയിലെ ചില വാചകങ്ങൾ ഇതാ:

''ഇലക്ഷനെ നേരിട്ടാൽ തോറ്റു തുന്നം പാടുമെന്ന് ഉറപ്പായ ജനറൽ കൗൺസിലിലെ ഒരു നേതാവിന്റെ ചരടുവലികൾ പാളിയതോടെ ജനം കാര്യങ്ങൾ തിരിച്ചറിഞ്ഞു രംഗത്തു വന്നിരിക്കയാണ്. ഐ.പി.സി രാഷ്ട്രീയത്തിൽ ഏറ്റവും ഹീനമായ കളികൾ നടത്തുകയും വേദിയിൽ അഗ്നിനാവായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ഈ നേതാവിന്റെ ഗുണ്ടാ റിയൽ എസ്റ്റേറ്റ് മാഫിയ ബന്ധങ്ങൾ പുറത്തു വന്നതോടെ ഒരു കാലത്ത് ഐ.പി.സിയെ മുടിചൂടാ മന്നനായി വിരട്ടിയ ഇദ്ദേഹത്തിന്റെ തന്ത്രങ്ങളെല്ലാം തന്നെ ഇപ്പോൾ വിഫലമായിരിക്കുന്നു. അമേരിക്കയിൽ പതിവായി സന്ദർശനം നടത്തിപ്പോന്ന ഇദ്ദേഹത്തിന്റെ തനിനിറം മനസ്സിലാക്കിയ വിദേശ മലയാളികൾ കൈവിട്ടതോടെ ഇത്തവണ നടന്ന കോൺഫ്രൻസുകൾക്കൊന്നും പോകാൻ കഴിയാത്ത ഗതിയായിരിക്കുന്നു.''

തോമസ്കുട്ടി അപ്പൻപട്ടം കൊടുത്ത് ഇപ്പോൾ വാഴ്ത്തുന്ന കെ.സി.ജോണിനെക്കുറിച്ചാണ് നാലു മാസം മുൻപ് റിയൽ എസ്റ്റേറ്റുകാരൻ, ഗുണ്ട, മാഫിയക്കാരൻ എന്നൊക്കെ എഴുതിവിട്ടത്. ''ഭരണഘടനാഭേദഗതി ആർക്കുവേണ്ടി'' എന്ന തലക്കെട്ടോടെ ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച കുറിപ്പിൽ കെ.സി.ജോൺ, റിയൽ എസ്റ്റേറ്റുകാരൻ എന്നിവരെ നിശിതമായ ഭാഷയിൽ പരിഹസിക്കയും ചെയ്തിട്ടുണ്ട്. ഇതൊക്കെ കാണുമ്പോൾ കെ.സി. ഭയപ്പെടുമെന്നും തോമസ്കുട്ടിയുമായി ഒത്തുതീർപ്പുണ്ടാക്കുമെന്നും ആയിരുന്നു തോമസ്കുട്ടിയുടെ പ്രതീക്ഷ. പക്ഷേ കെ.സി.ജോൺ പ്രതികരിച്ചില്ല. അതുകൊണ്ട് ഒക്ടോബർ, നവംബർ മാസങ്ങളിൽ കെ.സി.ജോണിനെതിരെ എഴുതിയില്ല.

മോനായിയെ പുറത്താക്കാതെ തോമസ്കുട്ടിക്കു ഗസ്റ്റ്റൂമിൽ കയറാൻ പറ്റില്ലെന്നു വ്യക്തമായതോടെ തോമസ്കുട്ടി അടവു മാറ്റി. ബാലനും മോനായിയും തമ്മിൽ രഹസ്യമായി സന്ധിചെയ്തെന്നും മോനായി ഇപ്പോൾ ബാലന്റെ ചാരനാണെന്നും പ്രചരിപ്പിച്ചു നോക്കി. കെ.സി.ജോൺ ഇതു വിശ്വസിക്കുമെന്നായിരുന്നു തോമസ്കുട്ടിയുടെ പ്രതീക്ഷ. പക്ഷേ ഇത്തരമൊരു കിംവദന്തി വിശ്വസിക്കാൻ തക്ക വിഡ്ഢിയല്ല കെ.സി.ജോൺ.

ഈ തന്ത്രവും ചീറ്റിയതോടെ തോമസ്കുട്ടി വീണ്ടും അടവു മാറ്റി. ഡിസംബർ ലക്കത്തിൽ കെ.സി.ജോണിനെ വാനോളം പുകഴ്ത്തിയെഴുതി. ''റവ.ഡോ.കെ.സി.ജോണിന്റെ പ്രഭാഷണങ്ങൾ കുമ്പനാടിനെ ആത്മലഹരിയിലാക്കും'' എന്നതായിരുന്നു തലക്കെട്ട്. തുടർന്ന് തോമസ്കുട്ടി ഇങ്ങനെ എഴുതി:

''ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ രാജ്യാന്തര പ്രസിഡന്റും പവ്വർ വിഷൻ ടെലിവിഷൻ ചാനലിന്റെ ചെയർമാനും മലങ്കരയുടെ അഗ്നിനാവുമായ റവ.ഡോ. കെ.സി.ജോണിന്റെ പ്രഭാഷണങ്ങൾ ലോകമെമ്പാടുമുള്ള മലയാളികളെ സ്വാധീനിക്കുവാനും ആയിരങ്ങളെ മാനസാന്തര അനുഭവങ്ങളിലേക്കു നയിക്കുവാനും ഇടയാക്കുമെന്ന് ഭക്തരും വിശുദ്ധരുമായ ദൈവജനങ്ങളുടെ ഇടയിൽ സംഭാഷണവിഷയമാണ്. ജനങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള ആവേശം സൃഷ്ടിക്കുന്ന കെ.സിയുടെ സന്ദേശങ്ങൾ അനേകരിൽ വിപ്ലവാത്മകമായ സ്വഭാവ രൂപീകരണത്തിനും വഴിമരുന്നാകും.''

ഇതു വായിച്ച് കെ.സി. ജോൺ പോലും നാണിച്ചിരിക്കാം. നാലു മാസം മുൻപ് കെ.സി.ജോണിനെ അഗ്നിനാവെന്നു വിളിച്ചു പരിഹസിച്ച തോമസ്കുട്ടി ഇപ്പോൾ കെ.സിയെ മലങ്കരയുടെ അഗ്നിനാവെന്നു പുകഴ്ത്തുന്നു. (തോമസ്കുട്ടിയുടെ തൊലിക്ക് നല്ല നമസ്ക്കാരം.)

ഫിലിപ്പ് പി. തോമസ് പോലീസ് സ്റ്റേഷനിലിരിക്കുന്ന ഫോട്ടോ എടുക്കാൻ തോമസ്കുട്ടിയെ നിയോഗിച്ചത് കെ.സി. ജോൺ ആണെന്നും ഒരു ലക്ഷം രൂപ കിട്ടിയാൽ ഇതു തുറന്നു പറയാമെന്നും പറഞ്ഞ് കെ.സിയുടെ ചില ശത്രുക്കളെ തോമസ്കുട്ടി സമീപിച്ചതായറിയാം. വചനഘോഷണത്തിൽ നീലക്കുറുക്കനെക്കുറിച്ചു കുറിപ്പെഴുതിയതു കെ.സി.ജോണാണെന്നും തോമസ്കുട്ടി നിരവധി ആളുകളോടു പറഞ്ഞിട്ടുണ്ട്. ബാലനെതിരെ കള്ളക്കേസ്സ് കൊടുക്കാൻ കെ.സി. ജോൺ ഒരാൾക്കു 10,000 രൂപ കൊടുത്തതിനു തോമസ്കുട്ടി സാക്ഷിയാണെന്നും തോമസ്കുട്ടി ഏറ്റു പറഞ്ഞിരുന്നു. ഇയാൾ ഇങ്ങനെയൊക്കെ പറഞ്ഞു എന്നതിന് നിരവധി ആളുകൾ സാക്ഷി പറയും. ഇതെല്ലാം കഴിഞ്ഞ് ഇയാളിപ്പോൾ കെ.സി.ജോണിനെ പാടിപ്പുകഴ്ത്തുകയാണ്.

അപ്പപ്പോൾ കാണുന്നവനെ അപ്പാ എന്നു വിളിക്കുന്നത് പിറവിദോഷം മൂലമാണ്. ജാത്യാലുള്ളതു തൂത്താൽ പോകില്ല. തോമസ്കുട്ടിക്കു നിലപാടു മാറ്റാൻ നിമിഷ നേരം മതി. ഗസ്റ്റ്റൂമിൽ കയറാമെന്ന പ്രതീക്ഷയിലാണ് തോമസ്കുട്ടി ഇപ്പോൾ കെ.സി.ക്കു സ്തുതി പാടുന്നത്. പ്രതീക്ഷയ്ക്കു വിപരീതമായി വല്ലതും സംഭവിച്ചാൽ തോമസ്കുട്ടി വീണ്ടും കാലുമാറും. ഇപ്പോൾ കെ.സി.യെ പുകഴ്ത്തുന്ന അതേ നാവുകൊണ്ട് കെ.സിയെ പുലഭ്യം പറയും. അവസരവാദത്തിന്റെ ആൾരൂപമാണ് തോമസ്കുട്ടി. അതുകൊണ്ട് ഈ ചങ്ങാതിയെ അകറ്റി നിർത്താൻ ദൈവമക്കൾ, വിശേഷിച്ചും സഭാനേതാക്കൻമാർ, ശ്രദ്ധിക്കണം.



# പുറത്താക്കലും ഇമ്മിണി ചോദ്യങ്ങളും

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അഞ്ചു പ്രസംഗകരെയും ചർച്ച് ഓഫ് ഗോഡ് മൂന്നു പ്രസംഗകരെയും ഒഴിവാക്കാൻ തീരുമാനിച്ച വാർത്ത ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് വായനക്കാർ ഡിഫെൻഡറിനോടു ചോദിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയാണിത്.

1. ഇവരെയൊക്കെ എന്തു കാരണത്താലാണ് ഒഴിവാക്കാൻ തീരുമാനിച്ചത്?

ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ സെന്റർ/ഏരിയ പാസ്റ്റർമാർക്ക് അയച്ച കത്തിൽ ഇങ്ങനെ പറയുന്നു: ‘‘നമ്മുടെ കൺവൻഷൻ സീസൺ ആരംഭിച്ചുവല്ലോ. നിർമ്മല സുവിശേഷം പ്രചരിപ്പിക്കുവാൻ എല്ലാവരും ഉത്സാഹിക്കേണ്ടതാണ്. ദുരുപദേശം പ്രസംഗിക്കുന്നവരെയും സാമുദായിക സാമൂഹ്യ സൗഹൃദം തകർക്കുന്നവരെയും നമ്മുടെ കൺവൻഷനുകളിൽ പ്രസംഗിക്കുവാൻ ക്ഷണിക്കരുത് എന്ന് അറിയിച്ചിരുന്നുവല്ലോ. സുവിശേഷകൻമാരായ കെ.എ.ഏബ്രഹാം, ജോൺ ലോറൻസ്, ബിജി അഞ്ചൽ, സജിത് കണ്ണൂർ, ദേവസ്യ മുല്ലക്കര തുടങ്ങിയവർക്ക് ഐ.പി.സി കേരള കൗൺസിലിന്റെ അംഗീകാരം ഇല്ലായെന്നുള്ള 14-12-2010ലെ കൗൺസിൽ തീരുമാനം അറിയിച്ചുകൊള്ളുന്നു.’’ ഇതാണ് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ പറയുന്നത്. ചർച്ച് ഓഫ് ഗോഡ് കത്തിറക്കിയതായി അറിവില്ല.

2. ഈ പ്രസംഗകർക്ക് ഐ.പി. സി കേരള കൗൺസിലിന്റെ അംഗീകാരം ഇല്ല എന്നു പറയുന്നതിന്റെ പൊരുളെന്ത്? ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിലിന്റെ അംഗീകാരമുള്ള പ്രസംഗകർ ആരൊക്കെ?

മേല്പടി പ്രസംഗകർ ദുരുപദേശക്കാരാണ്, അതുകൊണ്ട് അവരെ ഒഴിവാക്കണം എന്നു നേരേചൊവ്വേ പറഞ്ഞാൽ മതിയായിരുന്നു. പുറത്താക്കൽ പരിപാടി അതീവ വിനയത്തോടെയാകട്ടെ എന്നു കരുതിയതാണു പ്രശ്നം. ‘‘കടക്കടാ പുറത്ത്’’ എന്നു പറയേണ്ടതിനു പകരം ‘‘ഈ ഭവനത്തിൽ നിന്നു താമസംവിനാ ബഹിർഗ്ഗമിക്കാൻ താങ്കളോടു പറയേണ്ടി വന്നതിൽ ഖേദമില്ലെന്നില്ല’’ എന്നു പറഞ്ഞാൽ എങ്ങനെയിരിക്കും? ഇതാണ് ഈ വിഷയത്തിലും സംഭവിച്ചത്. ഐ.പി.സിയിലെ ശുശ്രൂഷകൻമാർക്കു മാത്രമേ ഐ.പി.സിയുടെ അംഗീകാരമുള്ളു. മേല്പടി പ്രസംഗകർ മറ്റു സഭകളിലെ അംഗങ്ങളാണ്. ഇങ്ങനെയുള്ള ആരെയും ഐ.പി.സി ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല.

3. ഇവർ പ്രചരിപ്പിക്കുന്ന ദുരുപദേശമെന്തൊക്കെ എന്നു പറയാമോ?

‘‘ദുരുപദേശം പ്രസംഗിക്കുന്നവരെയും സാമുദായിക സാമൂഹ്യ സൗഹൃദം തകർക്കുന്നവരെയും’’ എന്നു പറഞ്ഞിട്ട് ഈ പ്രസംഗകരുടെ പേരുകൾ പറഞ്ഞിരിക്കയാണ്. പക്ഷേ ‘‘ദുരുപദേശം പ്രസംഗിക്കുക, ദൈവവചനം ദുർവ്യാഖ്യാനം ചെയ്യുക, കാപട്യം കാണിക്കുക തുടങ്ങിയവ ചെയ്തുവരുന്ന പ്രസംഗകരെ’’എന്നാണു കത്തിൽ എഴുതിയിരുന്നതെങ്കിൽ ഏറെ നന്നായിരുന്നു.

കെ.എ.ഏബ്രഹാം:

കെ.എ.ഏബ്രഹാമിനെക്കുറിച്ച് ഏറെയൊന്നും പറയേണ്ട ആവശ്യമില്ല. ദൈവവചനത്തോട് ഇയാൾ കാണിച്ചിട്ടുള്ള ക്രൂരത ഏവർക്കും അറിവുള്ളതാണല്ലോ. കുറച്ചധികം ക്ലിപ്പുകൾ ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിലുണ്ട്. ഏതാനും ദിവസം മുൻപ് കൈരളി ടി.വിയുടെ സാക്ഷി എന്ന പരിപാടിയിൽ കെ.എ.ഏബ്രഹാമിനെതിരെ വിമർശനമുണ്ടായിരുന്നു. പൊതുജനങ്ങളുടെ മുമ്പിൽ ദൈവവചനത്തെ അപഹാസ്യമാക്കുന്ന കെ.എ. ഏബ്രഹാമിനെ ഒഴിവാക്കാൻ ഐ.പി.സി തീരുമാനിച്ചത് നന്നായി.

ദേവസ്യ മുല്ലക്കര

ഇദ്ദേഹത്തിന് ഉപദേശമെന്താണെന്നു നിശ്ചയമില്ല. അതുകൊണ്ട് ദുരുപദേശം പറയുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. ദേവസ്യ മുല്ലക്കര എന്ന ഏക ദൈവത്തെ ആരാധിക്കുന്ന ഒരു കൾട്ടാണ് ഇയാളുടെ പ്രസ്ഥാനം. മുല്ലക്കര പറയുന്നതാണ് അവരുടെ വേദവാക്യം. ഇയാളെ പെന്തക്കോസ്ത് സഭകളുടെ യോഗങ്ങളിൽ നിന്ന് ഒഴിവാക്കണം.

ജോൺ ലോറൻസ്

എവിടെനിന്നൊക്കെയോ കേട്ടു പഠിച്ച കുറെ വിവരക്കേടുകൾ പ്രസംഗിക്കയാണ് ജോൺ ലോറൻസ് ചെയ്യുന്നത്. ഗിരിപ്രഭാഷണം തള്ളിക്കളയണം എന്ന പ്രസംഗം മാത്രം മതി ഇയാളെ അനഭിമതനായി പ്രഖ്യാപിക്കാൻ. ഈ വിദ്വാനെക്കുറിച്ചു മറ്റു ചിലതുകൂടി പറയാനുണ്ടെങ്കിലും തത്ക്കാലം പറയുന്നില്ല. ഇയാൾ പെന്തക്കോസ്ത് കൺൻഷനുകളിൽ വിലസുന്നതു തുടർന്നാൽ ഡിഫെൻഡർ പത്തനംപുരം സംഭവം ഉൾപ്പെടെയുള്ളവ പറയാം.

ബിജി അഞ്ചൽ

ഇദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന് ഒരു ഭാഗം ഡിഫെൻഡറിന്റെ യൂട്യൂബ് ശേഖരത്തിലുണ്ട്. അതിൽ ഇദ്ദേഹം പറയുന്നത് ഇങ്ങനെ:

‘‘മരണത്തിൽ നിന്നു വിടുവിക്കാൻ കഴിവുള്ളവനോട് അവൻ അപേക്ഷയും അഭയയാചനയും നടത്തി എന്നു പറഞ്ഞാൽ, രാത്രി കാലങ്ങളിൽ മലമുകളിൽ പോയി പ്രാർത്ഥിച്ചതെന്തിനാ? പിറ്റേദിവസം ഇറങ്ങുമ്പോൾ അത്ഭുതം നടക്കാനോ? ഞാൻ പറയും, അല്ല. അവൻ പ്രാർത്ഥിച്ചതും മുഴുവനും ഒന്നാം ആദാം അനുസരണക്കേടിനാൽ, അമേൻ, വരുത്തിവച്ച മരണത്തിന്റെ ശക്തിയുണ്ട്. അതുപോലെ ഒരു അനുസരണക്കേടു നിമിത്തം എനിക്കൊരു മരണം സംഭവിക്കാതെ, അറിഞ്ഞോ അറിയാതെയോ ഒരു പാപം എന്നിൽ വരാതെ, മരണത്തിൽ നിന്ന് എന്നെ വിടുവിക്കണേ എന്നു നിലവിളിച്ചപ്പോൾ സ്വർഗ്ഗത്തിലെ അപ്പൻ അവനോടു പറഞ്ഞു, ഒരു പാപവും ചെയ്യാൻ കഴിയാത്തവിധം എന്റെ ആത്മാവിനെ നിന്റേമേൽ ആക്കിയിരിക്കയാണ്. ആത്മാവിൽ നിറഞ്ഞ്, ആത്മാവിൽ ശക്തിപ്പെട്ട്, ആത്മാവിൽ നിയന്ത്രിക്കപ്പെട്ട്, ആത്മാവിൽ നടക്കുന്ന ഒരു ജീവിതം ഞാൻ നിനക്കു തരാൻ പോകുകയാണ്.’’

ഈ പ്രസംഗം കേട്ട് രാജു പൂവക്കാല ആത്മാവിലായി, കൈപോക്കി ഹാലേലൂയ്യാ പറയുന്നതും ഈ ക്ലിപ്പിൽ കാണാം. ഇത്തരം വിവരദോഷികളോടു സഹതപിക്കുകയേ നിവൃത്തിയുള്ളു.

ഈ വിധത്തിലുള്ള പ്രസംഗം ദൈവീകമാണെന്നു കരുതുന്നവർ ബിജി അഞ്ചലിനെ പ്രസംഗിക്കാൻ വിളിക്കുക. പക്ഷേ ഇതു വേദവിപരീതമാണെന്നു ബോധ്യമുള്ളവർ ബിജി അഞ്ചലിനെപ്പോലുള്ളവരെ ഒഴിവാക്കുക.

സജിത്ത് കണ്ണൂർ

ജോൺ ലോറൻസും മറ്റും പ്രചരിപ്പിക്കുന്നതിനു സമാനമായ ഉപദേശമാണ് സജിത്ത് കണ്ണൂർ പ്രസംഗിക്കുന്നത് എന്നാണു കേട്ടത്. എങ്കിലും കൂടുതൽ അന്വേഷണം നടത്താതെ വിശദാംശങ്ങൾ പറയാനാവില്ല. പക്ഷേ സുരേഷ് ബാബു നടത്തുന്നതുപോലുള്ള രോഗശാന്തി തട്ടിപ്പ് സജിത്ത് കണ്ണൂരും നടത്തുന്നതായി തെളിവു ലഭിച്ചിട്ടുണ്ട്. ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിലുള്ള രണ്ടു ക്ലിപ്പുകൾ കാണുക. സജിത്ത് ഒരു ലോക്കൽ ചാനലിൽ പ്രസംഗിക്കയാണ്. ആഴ്ചകളോ മാസങ്ങളോ മുൻപു റിക്കാഡ് ചെയ്ത പ്രോഗ്രാമാണിത്. പക്ഷേ ശ്രോതാക്കളുടെ രോഗവും മറ്റും വെളിപ്പാടിൽ കണ്ട് പ്രവചിക്കുകയും പരിഹാരം വരുത്തുകയും ചെയ്യുന്നു. വെടിവച്ചിട്ടിട്ടുണ്ട്, കാട്ടുപന്നി വരുമ്പോൾ വെടി കൊണ്ടുകൊള്ളും എന്നു പറഞ്ഞതുപോലുള്ള ഒരഭ്യാസമാണിത്. രോഗശാന്തി ലഭിക്കാൻ രോഗി തന്റെ കൈപ്പത്തി ടി.വി സ്ക്രീനിനു നേരെ നീട്ടി പ്രാർത്ഥിച്ചാൽ മതിയത്രേ. ഇത്തരം തട്ടിപ്പുകൾ നടത്തുന്നവരെ പെന്തക്കോസ്തിൽ നിന്നു പുറത്താക്കണം.

ചുരുക്കത്തിൽ ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ പേരെടുത്തു പറഞ്ഞ് ഒഴിവാക്കിയ അഞ്ചു പേരും ഒഴിവാക്കപ്പെടേണ്ടവർ തന്നെ, സംശയമില്ല. ഇനി ചർച്ച് ഓഫ് ഗോഡ് ഒഴിവാക്കിയവരുടെ കാര്യം.

അന്നാ കണ്ടത്തിൽ

ഇവരെക്കുറിച്ച് ചില ആരോപണങ്ങളൊക്കെ ഡിഫെൻഡർ കേട്ടിരുന്നു. എങ്കിലും തെളിവുകൾ ലഭിക്കാത്തതുകൊണ്ട് നാളിതുവരെ ഒന്നും എഴുതിയില്ല. ഇപ്പോഴും എഴുതുന്നില്ല. എഴുതേണ്ട ആവശ്യമുണ്ടെന്നു ബോധ്യമായാൽ എഴുതുക തന്നെ ചെയ്യും.

ജെ.സി.പാറക്കടവിൽ

ഇദ്ദേഹത്തെക്കുറിച്ച് ഏറെയൊന്നും അറിഞ്ഞുകൂടാ. ജീവകാരുണ്യം എന്നൊരു പത്രം ഇദ്ദേഹം പ്രസിദ്ധീകരിക്കുന്നതായി അറിയാം. കൂടുതൽ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അറിയിക്കാം.

ബിജു നാരായണൻ

ഡിഫെൻഡറിന് ഇങ്ങനെയൊരു ആളെപ്പറ്റി കേട്ടുകേഴ്വിപോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇന്റർനെറ്റിൽ ചില വീഡിയോകൾ കണ്ടു. സുരേഷ് ബാബു മോഡൽ പ്രസംഗവും ബഹളവും തട്ടിപ്പുമാണു പരിപാടി എന്നു ബോധ്യമായി. കൂടുതൽ വിവരങ്ങൾ പിന്നാലെ.

4. ഇവർ എട്ടുപേർ മാത്രമാണോ പെന്തക്കോസ്തിലെ വ്യാജർ?

അല്ലെന്നു വിശേഷിച്ചു പറയണോ? എം.എ.വർഗീസ് ബാംഗ്ലൂർ, സുരേഷ് ബാബു, സാമച്ചൻ, കെ.എ.തോമസ് (കെ.എ. ഏബ്രഹാമിന്റെ അനുജൻ), കെ.ഓ.തോമസ് തൃശൂർ, കെ.സി.ജോൺ നെടുമ്പ്രം, ബാബു ജോർജ് റാന്നി തുടങ്ങി വ്യാജൻമാരുടെ ഒരു നീണ്ട നിരയുണ്ട്. ഇവരെയെല്ലാം പെന്തക്കോസ്ത് കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

5. ഫിലിപ്പ് പി. തോമസ് സൂര്യാ ടി.വിയ്ക്ക് ഇന്റർവ്യൂ കൊടുത്തതു തെറ്റല്ലേ?

അദ്ദേഹം സൂര്യയ്ക്ക് ഇന്റർവ്യൂ കൊടുത്തതായി അറിവില്ല. പുറത്താക്കലിനെക്കുറിച്ചു വിവരം ലഭിച്ചപ്പോൾ സൂര്യ ടി.വി ഫോണിൽ ഫിലിപ്പ് പി. തോമസിനെ വിളിച്ചു കാര്യം തിരക്കി. മാന്യമായ ഭാഷയിൽ അദ്ദേഹം മറുപടി പറയുകയും ചെയ്തു. ഇതിൽ എന്താണു തെറ്റ്?

6. പുറത്താക്കപ്പെട്ടവരെക്കാൾ വലിയ കള്ളൻമാർ അകത്തുള്ളപ്പോൾ ഈ എട്ടു പേരെ മാത്രം പുറത്താക്കിയതു തെറ്റല്ലേ?

കേരളത്തിൽ എത്ര കള്ളൻമാർ കാണും? കൃത്യമായി പറയാനാവില്ല. പതിനായിരം എന്നിരിക്കട്ടെ. കേരളത്തിലുള്ള സകല ജയിലുകളിലുംകൂടി എത്ര കള്ളൻമാർ കാണും? രണ്ടായിരം എന്നു കരുതാം. അങ്ങനെയെങ്കിൽ അകത്തുള്ളതിന്റെ നാലിരട്ടി കള്ളൻമാർ പുറത്തുണ്ട്. അതുകൊണ്ട് അകത്തുള്ളവരെ തുറന്നു വിടാം എന്നാണോ? എല്ലാ കള്ളനെയും കൂടി ഒന്നിച്ചു പിടിച്ചശേഷമേ ശിക്ഷ നടപ്പിലാക്കാവൂ എന്നു ശഠിക്കാമോ? കൈയ്യിൽ കിട്ടിയവരെ അകത്താക്കുന്നു. ബാക്കിയുള്ളവരെ കിട്ടുന്ന മുറയ്ക്ക് ശിക്ഷിക്കും. അത്രയുമൊക്കെയല്ലേ നടക്കൂ. പെന്തക്കോസ്തിൽ നൂറുകണക്കിനു വ്യാജൻമാരുണ്ട്. അവരിൽ എട്ടുപേർക്കെതിരെ നടപടിയെടുത്തു. അതിനു ദൈവമക്കൾ പിൻതുണ നൽകണം. മറ്റു വ്യാജൻമാരെക്കൂടി പുറത്താക്കാനുള്ള ധൈര്യം നേതാക്കൻമാർക്കുണ്ടാകാൻ പ്രാർത്ഥിക്കണം.

7. ഇതിന്റെയൊക്കെ പിന്നിൽ ബാലന്റെ കറുത്ത കൈകളുണ്ടെന്നു കേട്ടല്ലോ.

ഈയുള്ളവന്റെ കൈ കറുത്തതോ വെളുത്തതോ അല്ല, ഇരുനിറമാണ്. ഇവരെയൊക്കെ പുറത്താക്കിക്കാനുള്ള സ്വാധീനം പെന്തക്കോസ്ത് സഭകളുടെ കൗൺസിലുകളിൽ എനിണ്ടായിരുന്നെങ്കിൽ കുറച്ചധികം വ്യാജൻമാർ ഇതിനോടകം പുറത്താകുമായിരുന്നു. പക്ഷേ ഇവരെ പുറത്താക്കാനുള്ള തീരുമാനം ഐ.പി. സിയുടെയും ചർച്ച് ഓഫ് ഗോഡിന്റെയും കൗൺസിലുകൾ എടുത്ത് ഏതാനും മിനിട്ടുകൾക്കകം ഞാൻ വിവരമറിയുകയും ഇന്റർനെറ്റിൽ വാർത്ത കൊടുക്കുകയും ചെയ്തു എന്നു സത്യമാണ്.






# എബിയെ ഒഴിവാക്കുക



എബി ഏബ്രഹാമിനെ അറിയാമോ? ചിലർക്കെങ്കിലും അറിയാമായിരിക്കും എന്നു തീർച്ച. നാം ഉപയോഗിക്കുന്ന സത്യവേദപുസ്തകത്തിൽ കടന്നു കൂടിയിട്ടുള്ള തെറ്റുകുറ്റങ്ങൾ ചൂണ്ടികാട്ടിക്കൊണ്ട് എബി ഏബ്രഹാം ഒരു പുസ്തമെഴുതിയിട്ടുണ്ട്. ഈ പുസ്തകം പരിചയപ്പെടുത്തിക്കൊണ്ട് ഡിഫെൻഡർ ലേഖനം പ്രസിദ്ധീകരിക്കയും ചെയ്തു.

സാമാന്യം നന്നായി പ്രസംഗിക്കാൻ കഴിവുള്ള ആളാണ് എബി ഏബ്രഹാം. ദുർന്നടപ്പോ മറ്റു പ്രശ്നങ്ങളോ ഉള്ളതായും അറിവില്ല. അതുകൊണ്ട് എബിയെ ഡിഫെൻഡർ നാളിതു വരെ വിമർശിച്ചിട്ടില്ലെന്നു മാത്രമല്ല കഴിയുന്നത്ര സഹായിച്ചിട്ടുമുണ്ട്. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. പാമല സഭയിലെ പ്രധാനപ്പെട്ട നാലഞ്ചാളുകളിൽ ഒരാളായി എബി മാറിയിരിക്കുന്നു. പാമല സഭയിൽ നിന്നു ലഭിക്കുന്ന പണം മാത്രം ലക്ഷ്യമാക്കിയാണ് എബി അവരുമായി സഹകരിക്കുന്നതെന്നു വ്യക്തം. ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണമാകുന്നു എന്നു ദൈവവചനം പറയുന്നു. പണത്തിന്റെ പിന്നാലെ പോകുന്നവർ ഏറെ കഴിയും മുമ്പ് മറ്റു തിൻമകളിലും കുരുങ്ങും. മാത്രമല്ല, പണത്തിന്റെ പിന്നാലെ പോയ ആരും മടങ്ങിവന്ന ചരിത്രമില്ല. അതുകൊണ്ട് ദൈവമക്കൾ സൂക്ഷിക്കുക. എബി ഏബ്രഹാം ഇപ്പോൾ പഴയ ആളല്ല. ആകെ മാറിയിരിക്കുന്നു. ഇനി എബിയെ കൺവൻഷനു വിളിക്കരുത്.

# കൈതവനയെ അറിയാമോ?

ഇപ്പോൾ അമേരിക്കൻ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന തമ്പാൻ കൈതവന (ഏബ്രഹാം ജേക്കബ്) എന്ന വ്യക്തിയെ നേരിട്ടു പരിചയമുള്ള ആരെങ്കിലുമുണ്ടെങ്കിൽ വിവരം അറിയിക്കണം. ഐ.പി.സിയിലെ പാസ്റ്ററാണ് ഇയാൾ എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അതു ശരിയാണോ എന്നു വ്യക്തമല്ല. പണ്ട് ഇയാൾ ഐ.പി.സിയിലെ പാസ്റ്ററായിരുന്നെന്നും വെച്ചൂച്ചിറ ഭാഗത്ത് എന്തോ പ്രശ്നമുണ്ടാക്കിയതുമൂലം ശുശ്രൂഷയിൽ നിന്നു പുറത്തായെന്നുമാണ് കേൾക്കുന്നത്.

ഇയാൾ ചില പാട്ടുകളൊക്കെ എഴുതിയിട്ടുണ്ടെന്നാണ് അറിവ്. പക്ഷേ 1225 പാട്ടുകൾ താൻ എഴുതിയിട്ടുണ്ട് എന്നാണ് ഇയാളുടെ അവകാശവാദം. വേൾഡ് ട്രേഡ് സെന്റർ തകർന്നതുൾപ്പെടെ പ്രധാന ലോക സംഭവങ്ങളെല്ലാം ഇയാൾ മുൻകൂട്ടി പ്രവചിച്ചിട്ടുണ്ടത്രേ. എ.കെ.ആന്റണിയായിരിക്കും ഇന്ത്യയുടെ അടുത്ത പ്രസിഡന്റെന്നും മുരളീധരനായിരിക്കും കേരളത്തിന്റെ മുഖ്യമന്ത്രിയെന്നും ഇയാൾ പറയുന്നു. 200ൽ അധികം വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഈ വിദ്വാൻ ഇപ്പോൾ ഡാളസ്സിലുണ്ട്. ഇയാളെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാവുന്നവർ ദയവായി അറിയിക്കുക. ഇയാൾ ഏതു തരക്കാരനാണെന്നു വ്യക്തമാകുന്നതുവരെ ശുശ്രൂഷയ്ക്കു വിളിക്കാതിരിക്കുകയാണു ബുദ്ധി. അധ്വാനിച്ചുണ്ടാക്കിയ പണം ഏതെങ്കിലും വ്യാജനു കൊടുത്തു വിഡ്ഢികളാകുന്നതെന്തിന്?

# അജ്ഞൻ ഉണ്ടായിരുന്നെങ്കിൽ



കെ.എ.ഏബ്രഹാമിനെയും കൂട്ടരെയും ഐ.പി.സി കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കാൻ സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു എന്നറിഞ്ഞപ്പോൾ അത്ഭുതം തോന്നി. അച്ചൻകുഞ്ഞ് ഇലന്തൂർ കൂടി അംഗമായ സ്റ്റേറ്റ് കൗൺസിലിൽ നിന്ന് ഇത്ര നല്ല ഒരു തീരുമാനം എങ്ങനെയുണ്ടായി? സാത്താനെ പിണക്കാൻ അച്ചൻകുഞ്ഞ് തയ്യാറാകുമോ? ആത്മീയ വർദ്ധനയ്ക്കു സഹായകമാകുന്ന ഈ തീരുമാനം എടുത്തപ്പോൾ അച്ചൻകുഞ്ഞ് എതിർത്തില്ലേ?

സംശയം തീർക്കാൻ ഡിഫെൻഡർ ചില അന്വേഷണങ്ങൾ നടത്തി. അങ്ങനെ ആ ഭീകര രഹസ്യം കണ്ടെത്തി. ഡിസംബർ 14ന് നടന്ന സ്റ്റേറ്റ് കൗൺസിൽ യോഗത്തിൽ അച്ചൻകുഞ്ഞ് പങ്കെടുത്തിരുന്നില്ല. അപ്പോൾ അതാണു കാര്യം.

ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസമില്ലാത്ത ആളാണ് അച്ചൻകുഞ്ഞ്. എങ്കിലും ഐ.പി.സിയിൽ തുടരുന്നു. സമുദായത്തിലേക്കു മടങ്ങിപ്പോയാൽ ഇവിടെ കിട്ടുന്ന പദവിയൊന്നും കിട്ടില്ല. ജീവിച്ചു പോകണമെങ്കിൽ ഐ.പി.സി വേണം, പെന്തക്കോസ്തു വേണം. അതുകൊണ്ട് പെന്തക്കോസ്തുകാരനായി വിലസുന്നു. ഐ.പി.സി ഉൾപ്പെടെയുള്ള സകല പെന്തക്കോസ്ത് സഭകളെയും സമുദായക്കാരുമായി ഇണയല്ലാപ്പിണ കൂട്ടാൻ സാത്താന്റെ കൈയ്യിൽ നിന്ന് അച്ചാരം വാങ്ങിയവനാണ് അച്ചൻകുഞ്ഞ്.

# കള്ളപ്രവാചകി ന്യൂയോർക്കിൽ

ദൈവവേലയുടെ പേരു പറഞ്ഞ് സഹോദരിമാർ ഒറ്റയ്ക്ക് ഗൾഫിലും അമേരിക്കയിലും മറ്റും കറങ്ങി നടക്കുന്നത് ശരിയായ നടപടിയാണെന്നു പറയാൻ പറ്റില്ല. ഇങ്ങനെ നടക്കുന്ന സ്ത്രീകൾ കള്ളപ്രവാചകികൾ കൂടി ആണെങ്കിലോ? പ്രശ്നം ഗുരുതരമാകും. ഇത്തരത്തിലുള്ള ഒരു സ്ത്രീ ഇപ്പോൾ അമേരിക്കൻ പര്യടനം നടത്തുന്നതായി അറിയാൻ കഴിഞ്ഞു. ഡാളസ്, ഹൂസ്റ്റൻ തുടങ്ങിയ സ്ഥലങ്ങളിൽ കള്ളപ്രവചനം നടത്തിയശേഷം ഇവർ ഇപ്പോൾ ന്യൂയോർക്കിൽ എത്തിയിട്ടുണ്ട്. വരത്തുപോക്കുണ്ട്, ബന്ധനമുണ്ട്, കൈവിഷമുണ്ട്, കൂടോത്രത്തിന്റെ ബന്ധനമുണ്ട് എന്നൊക്കെ പറഞ്ഞ് ഇവർ നിരവധി സാധുക്കളെ കബളിപ്പിച്ചു കഴിഞ്ഞു. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുന്ന ആരും ഇവരെ വീട്ടിലോ സഭയിലോ കയറ്ററുത്.

# ഡിഫെൻഡറിന്റെ വെബ്സൈറ്റ് ഹാക്ക് ചെയ്യാൻ വിഫലശ്രമം

ഡിഫെൻഡറിന്റെ വെബ്സൈറ്റിനു ലഭിക്കുന്ന പ്രചാരം റ്റി.എസ്.ബാലന്റെ ശത്രുക്കൾക്കു രസിക്കുന്നില്ല. ഡിസംബറിൽ മാത്രം ലഭിച്ച ഹിറ്റുകളുടെ എണ്ണം ആറു ലക്ഷത്തിൽ അധികമാണ്. മറ്റൊരു പെന്തക്കോസ്ത് വെബ്സൈറ്റിനും ലഭിക്കാത്ത ട്രാഫിക്കാണിത്. അതുകൊണ്ട് ഡിഫെൻഡറിന്റെ വെബ്സൈറ്റ് എങ്ങനെയെങ്കിലും തകർക്കണം. അതിനായി ശത്രുക്കൾ ശ്രമിക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. നാളിതുവരെ അവർ വിജയിച്ചിട്ടില്ല.

ഇതൊക്കെ ഇപ്പോൾ പറയാൻ കാരണമുണ്ട്. ഏതാനും ദിവസം മുൻപ് ഡിഫെൻഡറിന്റെ വെബ്സൈറ്റ് ഹാക്ക് ചെയ്യാൻ ഒരു ശ്രമം നടന്നു. അമേരിക്കയിലോ കാനഡയിലോ ഉള്ള ഒരാളാണ് ഹാക്ക് ചെയ്യാൻ ശ്രമിച്ചത്. ഡിഫെൻഡറിന്റെ പാസ്വേഡ് മോഷ്ടിച്ച് സൈറ്റിൽ കയറാനാണു പദ്ധതിയിട്ടത്. പക്ഷേ പാസ്വേഡ് കണ്ടെത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് ആ ശ്രമം പൊളിഞ്ഞു. സൈറ്റ് ഹാക്ക് ചെയ്തതുകൊണ്ട് ഫലമൊന്നുമില്ല എന്നതാണു വസ്തുത. ഡിഫെൻഡറിനു മൂന്നു വെബ്സൈറ്റുകളുണ്ട്. ഒരെണ്ണം ഹാക്ക് ചെയ്താൽ ആ സൈറ്റ് ഏതാനും മിനിട്ടുകൾക്കകം ഡിഫെൻഡറിന്റെ മറ്റൊരു സൈറ്റിലേക്ക് ഫോർവേഡ് ചെയ്യും. അതിനുശേഷം ഹാക്ക് ചെയ്യപ്പെട്ട സൈറ്റ് ശരിയാക്കും. അതുകൊണ്ട് സൈറ്റ് ഹാക്ക് ചെയ്ത് ഡിഫെൻഡറിനെ ഒതുക്കാം എന്ന് ആരും കരുതേണ്ടതില്ല. ആവശ്യമായ മുൻകരുതലുകളൊക്കെ ഡിഫെൻഡർ എടുത്തിട്ടുണ്ട്.

# റ്റി.എ.ചെറിയാനു മറുപടിയില്ല



റ്റി.എ.ചെറിയാൻ മറുപടി പറയണം എന്ന തലക്കെട്ടോടെ 11 ചോദ്യങ്ങൾ കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ റ്റി.എ.ചെറിയാൻ പ്രതികരിച്ചതേയില്ല. അതുകൊണ്ട് ഇയാൾ കുറ്റവാളിയാണെന്നു ഡിഫെൻഡർ കരുതുന്നു. ഇനി പെന്തക്കോസ്തിലെ കള്ളൻമാരിൽ ഒരാളായി റ്റി.എ.ചെറിയാനെയും ഡിഫെൻഡർ കണക്കാക്കുകയും അതനുസരിച്ച് വിമർശിക്കുകയും ചെയ്യും.

സ്വന്തം കുടുംബത്തെ നന്നായി ഭരിക്കുന്നവർക്കു മാത്രമേ അദ്ധ്യക്ഷപദവിയിലിരിക്കാൻ യോഗ്യതയുള്ളൂ എന്ന് പൗലോസ് വ്യക്തമാക്കിയിട്ടുണ്ട്. അത്യുഗ്രൻ വിശുദ്ധി പറഞ്ഞു നടക്കുന്ന റ്റി.എ. ചെറിയാൻ സ്വന്തം കുടുംബത്തെപ്പോലും ഭരിക്കാനറിയാത്തവനാണ്. അതുകൊണ്ട് സെന്റർ പാസ്റ്ററോ വെറും പാസ്റ്ററോ ആയിരിക്കാൻ യോഗ്യനല്ല. എത്രയും വേഗം പാസ്റ്ററുദ്യോഗം രാജിവയ്ക്കണം. പഴയ പണി (തകിലടി) നടത്തുന്നതിനു വിരോധമില്ല.




# സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം.
വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളു.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# ഐ.പി.സി അങ്ങനെ ജോൺസൺ ഇങ്ങനെ

''ഏൻ ഓതി ഓതി, പിള്ള ക്രിഞ്ചിക്രിഞ്ചി'' എന്നു പറഞ്ഞതു പോലെയാണ് ജോൺസൺ ദാനിയേലിന്റെ കാര്യം. ആരു പറഞ്ഞാലും എത്ര പറഞ്ഞാലും ജോൺസന്റെ തലയിൽ കയറില്ല. കെ.എ.ഏബ്രഹാമിനെ ഒഴിവാക്കണം എന്നു ഡിഫെൻഡർ പറഞ്ഞു. പക്ഷേ കേട്ടില്ല. അതിന്റെ ഫലം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.



ഇപ്പോഴിതാ ഐ.പി.സി പറയുന്നു: കെ.എ.ഏബ്രഹാമിനെ ഒഴിവാക്കൂ. ജോൺസൺ അതും കേൾക്കുന്നില്ല. ചെറുവക്കൽ കൺവൻഷന് ഈ വിവരദോഷിയെ വിളിച്ചു പ്രസംഗിപ്പിച്ചു.

ഐ.പി.സിയുടെ തീരുമാനത്തിനെതിരായി പ്രവർത്തിച്ചാൽ നടപടി ഉണ്ടാകില്ലേ? എന്തു നടപടി? മാന്യമഹാജനങ്ങളേ, ഐ.പി.സി എന്നത് തിരുവല്ല റെയിൽവേ സ്റ്റേഷൻ പോലെയാണെന്ന് അച്ചൻകുഞ്ഞ് ഇലന്തൂർ എന്ന മഹാൻ പറഞ്ഞിട്ടുള്ളതാണ്. മൂന്നു വശവും തുറന്നു കിടക്കുകയാണ്. ആർക്കും അതുവഴി വരുകയോ പോകുകയോ ചെയ്യാം. പക്ഷേ ആരെങ്കിലും നേരെയുള്ള വഴിയിലൂടെ വന്നാലോ? കുരുങ്ങിയതുതന്നെ. ടിക്കറ്റെവിടെ? ലഗേജിനു ഭാരം കൂടുതലാണ്, പിഴയടയ്ക്കണം.... അങ്ങനെ പോകും പ്രശ്നങ്ങൾ. ഐ.പി.സിയും ഇങ്ങനെതന്നെ. സംശയമുള്ളവർ ജോൺസൺ ദാനിയേൽ സെന്റർ പാസ്റ്ററായതെങ്ങനെ എന്ന് അന്വേഷിക്കൂ.

ജോൺസന്റെ ആത്മീയത മാനദണ്ഡമാക്കിയാണോ സെന്റർ പാസ്റ്ററാക്കിയത്? അല്ല. പിന്നെ? ജോൺസന്റെ പിതാവ് ഐ.പി.സിയുടെ നേതാവായിരുന്നു. അദ്ദേഹത്തിന്റെ തണലിൽ ജോൺസൺ സെന്റർ ബോൾട്ടായി. അതായത്, പണ്ടത്തെ തഴമ്പിന്റെ ബലത്തിൽ മഹാനായവനാണു ജോൺസൺ. അമേരിക്കയിൽ തെണ്ടി നടന്നു പണമുണ്ടാക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ജോൺസനെതിരെ നടപടിയെടുക്കാൻ ആർക്കാണു ധൈര്യം വരിക? ജോൺസൺ സാക്ഷാൽ ചെകുത്താനെ വിളിച്ചു യോഗം നടത്തിയാലും ഐ.പി.സി ഒരു നടപടിയും എടുക്കില്ല. അതാണ് ഐ.പി.സി.

# ഈമെയിൽ അയച്ചതാര്?

അമേരിക്കയിലെ ഒക്കലഹോമയിലുള്ള ഒരു സഭ തകർക്കാൻ ജോൺസൺ ദാനിയേൽ നടത്തിയ നീക്കങ്ങളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഡിഫെൻഡറിനു ലഭിച്ച ഈമെയിലിന്റെ പ്രസക്ത ഭാഗങ്ങൾ അതേപടി പ്രസിദ്ധീകരിക്കയാണു ചെയ്തത്. ഈമെയിലിൽ എഴുതിയിരുന്നതെല്ലാം തികച്ചും സത്യമായിരുന്നു. അതുകൊണ്ട് ആരാണ് ഇത്തരം ഒരു ഈമെയിൽ അയച്ചതെന്നറിയാനായി ഒട്ടേറെ ആളുകൾ ശ്രമിച്ചു. വെബ്സൈറ്റിൽ സേർച്ച് ചെയ്ത് ഈമെയിൽ അയച്ചയാളെ പിടിക്കുമെന്നാണ് ചിലർ വീമ്പിളക്കിയത്. വിവരക്കേടു പറയുന്നതിനും വേണ്ടേ ഒരു അതിരൊക്കെ! ഈമെയിലിലെ വാചകങ്ങളും മറ്റും നോക്കി ആളെ ഊഹിച്ചെടുക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ചിലർ ഒരു പടികൂടി കടന്നു. ബാലനെയും ഡിഫെൻഡറിനെയും അഭിനന്ദിച്ച് ഈമെയിൽ അയച്ചു. ഒപ്പം ഒരു ചോദ്യവും: മേല്പടി ഈമെയിൽ അയച്ചതാര്? റ്റി.എസ്.ബാലൻ പൊങ്ങപ്പോഴനാണെന്നും മുഖസ്തുതി കേൾക്കുമ്പോൾ തുള്ളിച്ചാടുമെന്നും ഈമെയിൽ അയച്ചതാരെന്നു വെളിപ്പെടുത്തുമെന്നും ഒക്കെയായിരുന്നു പ്രതീക്ഷ. വേല വേലായുധനോടു വേണ്ട, ട്ടോ.

# വിശുദ്ധൻ മറുഭാഷ പറഞ്ഞു

വിശുദ്ധൻമാർ മറുഭാഷ പറയുന്നതു സ്വാഭാവികം. പക്ഷേ ഡാളസിലെ വിശുദ്ധൻ ഈയിടെ മറുഭാഷ പറഞ്ഞത് മറ്റൊരാത്മാവിലായിരുന്നു. സംഭവം ചുരുക്കി പറയാം: ആദ്യഭാര്യയെ ഉപേക്ഷിച്ച വിശുദ്ധൻ രണ്ടാം കെട്ടിന് ആലോചന തുടങ്ങിയിട്ട് മാസങ്ങൾ പലതായി. ആദ്യമൊക്കെ രഹസ്യമായാണ് ആലോചന നടത്തിയത്. പിന്നീട് പരസ്യമായിത്തന്നെ ആലോചിച്ചു. പാസ്റ്ററും കുറെ ശിങ്കിടികളും ഊർജ്ജിതമായി ആലോചിച്ചു. കുറെ സഹോദരിമാരും വിശുദ്ധനുവേണ്ടി വിവാഹാലോചന നടത്തി. പക്ഷേ നാളിതുവരെ ഫലം ഉണ്ടായില്ല.

സഭായോഗം കഴിഞ്ഞ് വിശുദ്ധൻ ഇറങ്ങി വരുന്ന സമയത്ത് ചിലർ അടുത്തുകൂടി: ''വിവാഹാലോചന എവിടംവരെയായി അച്ചായാ'' എന്ന് അവർ ചോദിച്ചു. ചോദ്യം കേട്ടതോടെ വിശുദ്ധൻ ആത്മാവിലായി. ഏറെ താമസിയാതെ മറുഭാഷ പറയാനും തുടങ്ങി. പൂവും കായും മറ്റുമുള്ള ഒന്നാംതരം മറുഭാഷയാണ് വിശുദ്ധൻ പറഞ്ഞത് എന്നാണ് ദൃക്സാക്ഷികൾ പറഞ്ഞത്. പക്ഷേ വിശുദ്ധൻ നോട്ടമിട്ടിരുന്ന ഒരു സ്ത്രീരത്നവും ഈ അന്യഭാഷ കേട്ടു. ''സഹോദരി ഇയാളെ വിവാഹം കഴിക്കുമെന്നു കേട്ടല്ലോ'' എന്ന് ഒരാൾ ചോദിച്ചു. 'ഇത്തരക്കാരനെ വിവാഹം കഴിക്കാൻ തക്ക വിഡ്ഢിയല്ല ഞാൻ' എന്നായിരുന്നു മറുപടി.

# സമാഗമന കൂടാരം സാത്താൻകുട്ടി വിഴുങ്ങും

ഡാളസ് ടാബർനാക്കിൾ സഭയുടെ പാസ്റ്ററായ കെ.പി.മാത്യു ഇപ്പോൾ അല്പം സന്തോഷത്തിലാണ്. ബിൻ ലാദനും സംഘവും പുറത്തുപോയി. വിസ പ്രശ്നം മാറിക്കിട്ടി. ഇനി ലോകാവസാനം വരെ സമാഗമനകൂടാരത്തിൽ കഴിഞ്ഞുകൂടാം. പക്ഷേ കെ.പി.മാത്യു അറിയാത്ത ചില കാര്യങ്ങൾ കൂടിയുണ്ട്. അതു പറയാം.

ഈ കളിയൊക്കെ സാത്താൻകുട്ടി കളിക്കുന്നത് വ്യക്തമായ ചില ലക്ഷ്യങ്ങളോടെയാണ്. അധികം താമസിയാതെ കുറെ ആളുകൾ കൂടി സഭ വിട്ടുപോകും. ഒടുവിൽ സാത്താൻ കുട്ടിയും അനുയായികളും മാത്രം സഭയിൽ ശേഷിക്കും. അപ്പോൾ കെ.പി.മാത്യുവിനെ പുറത്താക്കിയിട്ട് സാത്താൻ കുട്ടിയുടെ കുടുംബത്തിൽപെട്ട ഒരു പാസ്റ്ററെ നിയമിക്കും. ആ പാസ്റ്റർ സ്ഥിരം പാസ്റ്ററായിരിക്കും. അങ്ങനെ സഭ സാത്താൻകുട്ടിയുടെ സ്വന്തമാകും. കോടികൾ വിലമതിക്കുന്ന സ്ഥലവും കെട്ടിടവും മറ്റു ലൊട്ടു ലൊടുക്കു സാധനങ്ങളും സാത്താൻകുട്ടി വഹ ആകും. പിടി കിട്ടിയോ കെ.പി?

ഏഴെട്ടു കൊല്ലം മുമ്പ് ഇൻഷ്വറൻസുകാരെ പറ്റിച്ച് സാത്താൻ കുട്ടി പണമുണ്ടാക്കിയ കഥ കെ.പിക്കറിയാമോ? ഒരു പി.എ. സിസ്റ്റം മാത്രമാണ് അന്നു സഭാഹാളിൽ ഉണ്ടായിരുന്നത്. കള്ളൻ കയറി 50,000 ഡോളർ വില വരുന്ന വസ്തുക്കൾ മോഷിച്ചു എന്നു റിപ്പോർട്ട് കൊടുത്തു. സംഗതി സത്യമാണെന്നു കരുതി ഇൻഷ്വറൻസുകാർ വലിയൊരു തുക (41,311 ഡോളർ എന്നു കേൾക്കുന്നു) കൊടുത്തു. ആ പണം എവിടെപ്പോയി? എത്ര കിട്ടിയെന്നുപോലും നിശ്ചയമില്ല. പിന്നല്ലേ ചെലവായതിന്റെ കണക്ക്! ചില വായി(ൽ)പോയി എന്നു പറയുകയാകും എളുപ്പം. ഏതൊക്കെയാണ് ആ വായെന്നു കണ്ടെത്തൂ.

# ഫിലിപ്പ് പിയെ ശിക്ഷിക്കണമെന്ന്

ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറിയായ ഫിലിപ്പ് പി. തോമസിനെ ശിക്ഷിക്കണമെന്ന് അപേക്ഷ. ആരാണ് ഇത്തരമൊരു അപേക്ഷ കൊടുത്തത്? കുവൈറ്റ് ഫെയിം കെ.എ.തോമസും സംഘവും. (കെ.എ.ഏബ്രഹാമിന്റെ സഹോദരനാണ് കെ.എ.തോമസ്.) ഫിലിപ്പ് പി. തോമസ് എന്തു തെറ്റാണു ചെയ്തത്? ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ അഞ്ചു പ്രസംഗകരെ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു. ഈ വിവരം അറിഞ്ഞ സൂര്യാ ടി.വി റിപ്പോർട്ടർ സ്റ്റേറ്റ് സെക്രട്ടറിയായ ഫിലിപ്പ് പി. തോമസിനെ വിളിച്ചു കാര്യം തിരക്കി. വളരെ മാന്യമായ ഭാഷയിൽ ഫിലിപ്പ് പി തോമസ് മറുപടി പറഞ്ഞു. (ഡിഫെൻഡറിന്റെ സൈറ്റിലുള്ള വിഡിയോ ക്ലിപ്പ് കാണുക.) മാത്രമല്ല, സ്റ്റേറ്റ് കൗൺസിൽ തീരുമാനം അനുസരിച്ച് സെന്റർ/ഏരിയ പാസ്റ്റർമാർക്ക് കത്തയയ്ക്കുകയും ചെയ്തു. ഇതിൽ എവിടെയാണു തെറ്റുള്ളത്? അതൊന്നും പരാതിക്കാർക്ക് അറിയേണ്ടതില്ല. അവരുടെ കഞ്ഞികുടി മുട്ടിയിരിക്കുന്നു. അതുകൊണ്ട് സൂര്യാ വാർത്ത പിൻവലിപ്പിക്കണം. ഫിലിപ്പ് പി തോമസിനെ ശിക്ഷിക്കണം. (എങ്ങനെയുണ്ട്?)

# നാർസിസ്സിസം ബാധിച്ചാൽ



നാർസിസ്സിസം എന്നു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ആത്മാരാധന–തന്നെത്തന്നെ ആരാധിക്കുക–എന്ന് ഈ വാക്കിന് അർത്ഥം കൊടുക്കാം. സ്വന്തം ചിത്രം കണ്ട് ആനന്ദിക്കുന്നതാണ് രോഗലക്ഷണം എന്നു സാമാന്യമായി പറയുകയും ചെയ്യാം. നാർസിസ്സസ് എന്നയാൾ സ്വന്തം പ്രതിബിംബം വെള്ളത്തിൽ കണ്ട് ഭ്രമിച്ചുപോയി. അതു തന്റെ പ്രതിബിംബമാണെന്നു തിരിച്ചറിഞ്ഞുമില്ല. അങ്ങനെ അയാൾ സ്വന്തം പ്രതിബിംബത്തോടു സംസാരിച്ചു കാലം പോക്കി എന്നാണു കഥ. നാർസിസ്സിന്റെ സ്വഭാവമുള്ളവർക്ക് നാർസിസ്സിസം എന്ന മാനസികരോഗമുള്ളതായി കണക്കാക്കാം.

പെന്തക്കോസ്ത് പത്രക്കാരിൽ ചിലർ ഈ രോഗം ബാധിച്ചവരാണെന്നു പറയാതെ വയ്യ. സ്വന്തം ചിത്രം അടിച്ചു വിടാനുള്ള അവസരങ്ങളൊന്നും അവർ പാഴാക്കില്ല. കൺവൻഷൻ സ്റ്റേജുകളിൽ അവർ ക്ഷണിക്കപ്പെടാത്ത അതിഥികളായി കയറി ഞെളിഞ്ഞിരിക്കും. ഏതു പരിപാടി എവിടെ നടന്നാലും അതിന്റെ മുൻപന്തിയിലുണ്ടാകും. ഇതിന്റെയെല്ലാം ഫോട്ടോയെടുത്ത് സ്വന്തം പത്രത്തിൽ നിരത്തും. ഒരു ലക്കത്തിൽ പത്രാധിപരുടെ രണ്ടു ഡസൻ ഫോട്ടോകൾ വരെ അടിച്ചുവിട്ട സംഭവമറിയാം. ഇത്തരക്കാരുടെ പത്രത്തിൽ എഡിറ്ററുടെ നാലോ അഞ്ചോ ഫോട്ടോ തീർച്ചയായും ഉണ്ടാകും. ഇങ്ങനെയൊക്കെ ചെയ്യുന്നതിൽ അവർക്ക് ലജ്ജയോ കുറ്റബോധമോ തോന്നുകയുമില്ല. ഇവരുടെയൊക്കെ പത്രം വായിക്കുന്നവരോടു സഹതപിക്കാം.




# വരുന്നൂ ക്യാപ്റ്റൻ

കുപ്രസിദ്ധ ദുർന്നടപ്പുകാരനും ദുരുപദേശക്കാരനുമായ ക്യാപ്റ്റൻ ശാമുവൽ കേരളത്തിൽ എത്തുന്നു. 2011 ജനുവരി 11 മുതൽ ഫെബ്രുവരി അവസാനം വരെ ഈ വിദ്വാൻ കേരളത്തിലുണ്ടാകും. പാലാ, എറണാകുളം, കോതമംഗലം, കോഴഞ്ചേരി, ആലപ്പുഴ, കുന്ദംകുളം, പറവട്ടാനി, കളമശ്ശേരി എന്നിവിടങ്ങളിലാണ് പരിപാടി നടത്തുക. ഏതു ദുർമ്മാർഗ്ഗിയെയും സ്വീകരിക്കാൻ ആളുള്ളപ്പോൾ ക്യാപ്റ്റനെപ്പോലുള്ളവർക്കു കുശാലാണ്. ആണും പെണ്ണും അടങ്ങുന്ന ഒരു സംഘമായാണ് ഇയാൾ എത്തുക. ഇയാൾക്കു മനസ്സിൽ തോന്നുന്നതെല്ലാം ദൈവാലോചനയാണ്. ഒരു ദേശത്തു ചെന്നാൽ അവിടെയുള്ള എല്ലാ ഭൂതങ്ങളെയും വിളിച്ച് ഒരാളുടെ ശരീരത്തിൽ കയറ്റും. അതു കഴിഞ്ഞ് എല്ലാ ഭൂതങ്ങളെയും ഒന്നിച്ചു പുറത്താക്കും. അക്ഷരാർത്ഥത്തിലുള്ള വ്യഭിചാരം ഒഴികെയുള്ള കലാപരിപാടികളൊന്നും പാപമല്ല എന്നാണ് ഇയാൾ പഠിപ്പിക്കുന്നത്. ഒപ്പമുള്ള സ്ത്രീകളോട് ഇയാൾ ഈ വിധത്തിലാണ് ഇടപെടുന്നതും. ഇങ്ങനെയുള്ള ഒരാളുടെ യോഗങ്ങൾ ക്രമീകരിക്കുന്നവരും ഇയാളുടെ യോഗത്തിനു പോകുന്നവരും ഏതു തരക്കാരായിരിക്കും എന്ന് ഊഹിക്കുക.

RNI No. 68089 / 97
2011 January 1

THE DEFENDER

REGISTERED
KL/ALY/0031/2009-11

# ഡിസൈനിംഗ് ദൈവനാമത്തിൽ

''തിരുനാമം നിമിത്തമല്ലോ അവർ ജാതികളോട് ഒന്നും വാങ്ങാതെ പുറപ്പെട്ടത്'' (3യോഹ.7) എന്ന വിധത്തിലുള്ള സാക്ഷ്യമാണ് ഒന്നാം നൂറ്റാണ്ടിലെ ദൈവദാസൻമാരെക്കുറിച്ചു പറയാനുണ്ടായിരുന്നത്. ഇപ്പോൾ വളരെ ചുരുക്കം ദൈവദാസൻമാരെക്കുറിച്ചു മാത്രമേ ഇതു പറയാൻ പറ്റൂ. ആരു പണം കൊടുത്താലും വാങ്ങുന്ന വ്യക്തിയാണു പി.ജി.വർഗീസ്. രക്ഷിക്കപ്പെടുക എന്നാൽ എന്ത് എന്നു പോലും അറിഞ്ഞുകൂടാത്ത സമുദായക്കാരാണ് പി.ജി.വർഗീസിന് ഏറ്റവും അധികം പണം കൊടുക്കുന്നത്. ഇത്രയുമൊക്കെ കിട്ടിയിട്ടും ആർത്തി തീരുന്നില്ലെന്നു വന്നാൽ എന്തു ചെയ്യും?

ഇപ്പോഴിതാ പി.ജി.വർഗീസ് ഗൂഗിൾ ഗ്രൂപ്പിൽ ഒരു കുറിപ്പ് പോസ്റ്റ് ചെയ്തിരിക്കുന്നു. ഡൽഹിയിലുള്ള ഓഫീസ് ഏതെങ്കിലും ഒരു വിശ്വാസി സൗജന്യമായി ഡെക്കറേറ്റ് ചെയ്തു കൊടുക്കണമത്രേ. ഇത്തവണ 'വിശ്വാസി' എന്നെങ്കിലും എഴുതിയതു ഭാഗ്യമായി.

Our office in Mehrauli, Delhi needs help. We are praying for a believer Interior decorator in Delhi who will be happy to come to our office (which is near to Qutab Minar) and redesign our office. We have over 40 people working in our office.

Do you know someone who will give this service to us as a free contribution unto the Lord and won't charge anything?
p.g. vargis

# വൈസിന്റെ കമ്മറ്റി ഒന്നാംതരം

I am the state എന്നു പറഞ്ഞതുപോലെയുള്ള സ്ഥിതിയാണ് വൈസിന്റെ സഭയിലുള്ളത്. അവിടെ എല്ലാമെല്ലാം വൈസാണ്, കൃത്യമായി പറഞ്ഞാൽ വൈസിന്റെ കുടുംബക്കാരാണ്. അതുകൊണ്ട് സഭയിൽ കമ്മറ്റിയും മറ്റും പേരിനു മാത്രമേയുള്ളൂ. വൈസ് തന്നിഷ്ടപ്രകാരം ഭരണം നടത്തുന്നു. പക്ഷേ അടുത്ത കാലത്ത് ചിലർ ഈ പരിപാടിയ്ക്കെതിരെ സംസാരിച്ചു. കമ്മറ്റി വേണം. കമ്മറ്റിക്ക് അധികാരവും വേണം. കമ്മറ്റി എന്തു തീരുമാനിച്ചാലും അതു വീറ്റോ ചെയ്യാനുള്ള അധികാരം തനിക്കുണ്ടെന്നു വൈസ് പറഞ്ഞുനോക്കി. പക്ഷേ അതുകൊണ്ടൊന്നും വിശ്വാസികൾ അടങ്ങിയില്ല. മറ്റൊരു പോംവഴിയുമില്ലാതായപ്പോൾ വൈസ് ഒരു കമ്മറ്റിയുണ്ടാക്കി.

കമ്മറ്റി വേണമെന്നു പറഞ്ഞു ബഹളം കൂട്ടിയവൻ സെക്രട്ടറി. വൈസിന്റെ അനുജൻ ട്രഷറാർ. മറ്റൊരു അനുജൻ യൂത്തിന്റെ നേതാവ്. സ്റ്റെപ്പിനി വനിതാ നേതാവ്. കമ്മറ്റിയില്ലേ? ഉണ്ട്. അതുകൊണ്ട് വൈസിനു വല്ല ദോഷവും ഉണ്ടാകുമോ? നഹി. വൈസ് എഴുതികൊടുക്കുന്ന കണക്കിലെ സംഖ്യകൾ കൂട്ടി നോക്കാനുള്ള അധികാരം മാത്രമേ ഓഡിറ്റർക്കുള്ളൂ. അതുകൊണ്ട് ഓഡിറ്ററെക്കൊണ്ടുള്ള ശല്യവുമില്ല. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായിരിക്കുന്നത് എങ്ങനെയാണെന്നു മനസ്സിലായോ മാളോരരേ?

# അവറാനും സാക്ഷിയും



അവറാനോടു സാക്ഷിക്ക് എന്താ ഇത്ര വിരോധം? (സാക്ഷി എന്നാൽ കൈരളി ടിവിയിലെ സാക്ഷി എന്ന പ്രോഗ്രാം.) കഴിഞ്ഞ വർഷം അവറാന്റെ പതാക പ്രസംഗം സാക്ഷി കൈരളിയിൽ അവതരിപ്പിച്ചു. ഇപ്പോഴിതാ ആ വിഷയം ചില മേമ്പൊടികൾ സഹിതം വീണ്ടും കൈരളിയിൽ സംപ്രേക്ഷണം ചെയ്തിരിക്കുന്നു. (വീഡിയോ ക്ലിപ്പ് ഡിഫെൻഡറിന്റെ യുട്യൂബിലുണ്ട്.) സൂര്യാ ടി.വി രണ്ടു മാസം മുൻപും രണ്ടാഴ്ച മുൻപും അവറാനെതിരെ വാർത്ത സംപ്രേക്ഷണം ചെയ്തിരുന്നു. ഇപ്പോഴിതാ കൈരളിയിലും അവറാൻ. ഇതിന്റെയെല്ലാം പിന്നിൽ ബാലനാണെന്നു പറയാം. പക്ഷേ ദൈവകരമാണ് അവറാന്റെമേൽ ഭാരമായിരിക്കുന്നതെന്ന് ഇനിയെങ്കിലും മനസ്സിലാക്കിയാൽ നന്ന്.

# ഫ്രോഡ് കുഞ്ഞുമോൻ കോപിക്കുന്നു

ഫ്രോഡ് കുഞ്ഞുമോൻ എന്നൊരാളെപ്പറ്റി കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. അങ്ങനെയൊരാളുണ്ട്. പേരുപോലെതന്നെ കക്ഷിയുടെ കൈയ്യിലിരിപ്പും. ചില രസികൻമാർ ഇദ്ദേഹത്തിന് 'ഉമ്മച്ചൻ' എന്നൊരു പേരും ചാർത്തിക്കൊടുത്തിട്ടുണ്ട്. പെൺകുട്ടികളോട് ഈ ചങ്ങാതിക്ക് വലിയ സ്നേഹമാണ്. കെട്ടിപ്പിടിക്കുക, ഉമ്മ വയ്ക്കുക തുടങ്ങിയ കലാപരിപാടികൾ നടത്താറുമുണ്ട്. അങ്ങനെയാണ് കുഞ്ഞുമോന് ഉമ്മച്ചൻ എന്ന പേരു കിട്ടിയത്.

അമേരിക്കയിലെ ലേക്ക്ലാന്റിൽ നിന്ന് ഈ ചങ്ങാതി ഈയിടെ കേരളത്തിലെത്തി. അപ്പോഴാണ് റ്റി.എസ്.ബാലന്റെ ക്രൂരകൃത്യങ്ങളെക്കുറിച്ചറിഞ്ഞത്. ബാലന്റെ ശല്യം കാരണം മന:സമാധാനമായിട്ട് ഒന്നു വ്യഭിചരിക്കാൻ പോലും കഴിയാത്ത സ്ഥിതിയായിരിക്കുന്നു. ബന്ധുക്കാരന്റെ അനാഥശാലയിലെ കേസ്സ് ബാലൻ പിടിച്ച കഥയും അറിഞ്ഞു. ഫ്രോഡിനുമുണ്ട് ഒരു അനാഥശാല. അവിടേക്കു പോകാൻ തന്നെ ഭയം. ഇങ്ങനെ പോയാൽ കാര്യങ്ങളെല്ലാം കുഴയും. എന്താണൊരു പോംവഴി? ഉമ്മച്ചൻ തല പുകച്ചു. ഒടുവിൽ ഒരു വഴി കണ്ടുപിടിച്ചു. അമേരിക്കയിൽ മടങ്ങിയെത്തിയ ഉടൻ കക്ഷി സഭയിൽ ഒരു പ്രബോധനം നടത്തി. ദൈവദാസൻമാരെ അവഹേളിക്കുകയും അപവാദം പറഞ്ഞു പരത്തുകയും ചെയ്യുന്നതു മഹാപാപമാണ്. അങ്ങനെയുള്ളവരെ നാം പ്രോത്സാഹിപ്പിക്കരുത്. അതുകൊണ്ട് റ്റി.എസ്. ബാലന്റെ ഡിഫെൻഡർ ഇനി ആരും വായിക്കരുത്. (ആമേൻ)

# സ്റ്റാർ സിംഗർക്കു കുവൈറ്റിൽ കുശാൽ

ദൈവമക്കൾ ഇങ്ങനെ വിഡ്ഢികളായാൽ എന്തു ചെയ്യും? ദൈവനാമം പറഞ്ഞു വരുന്ന ഏതു കള്ളനെയും സ്വീകരിക്കുകയും പണം കൊടുത്തു സന്തോഷിപ്പിക്കയും ചെയ്യാൻ വിശ്വാസികൾ മത്സരിക്കയാണ്. സ്റ്റാർ സിംഗറുടെ കാര്യം തന്നെ നല്ല ഉദാഹരണം.

അന്യദൈവങ്ങളെ സ്തുതിച്ചു പാടി വിജയിച്ച ഈ വിദ്വാനു കഞ്ഞി വയ്ക്കാൻ വിശ്വാസികൾ മത്സരിക്കയാണ്. കക്ഷി ഈയിടെ കുവൈറ്റിലത്തി. അത്യുഗ്രൻ സ്വീകരണമാണു വിശ്വാസികൾ നൽകിയത്. ചെക്കനു ശാപ്പാടു കൊടുക്കാനും പണം കൊടുക്കാനും മത്സരമായിരുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

സമുദായക്കാർ കുവൈറ്റിൽ ക്രിസ്തുമസ്സ് ആഘോഷിച്ചപ്പോഴാണ് അഹമ്മദിക്കാരുടെ വിശ്വാസവീര്യം വെളിപ്പെട്ടത്. സമുദായക്കാർ പോലും തോറ്റു പോകുന്ന ശുഷ്ക്കാന്തിയോടെ പെന്തക്കോസ്തുകാർ ക്രിസ്തുമസ്സ് ആഘോഷിച്ചു. മഹതിയാം ബാബിലോൺ എഴുതിയ ആളുടെ സഭക്കാരാണ് ഈ തോന്ന്യാസം കാട്ടിയത്.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan